# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക


ഉൾപ്പേജുകളിൽ


- സ്ത്രീ ശാക്തീകരണം 2
- സ്പെഷൽ ഫീച്ചർ 3
- അഭിമുഖം 4
- കാലികം/ ക്വിസ് 5
- ചിന്ത/വാർത്തകൾ 6



Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 46

06 ജൂൺ 2015 പുസ്തകം 37 ലക്കം 46 പേജ് 6


# നമ്മുടെ സന്തോഷം പൂർണ്ണമാകണം

**ക്രൂശിങ്കലേക്കുള്ള യാത്രയിൽപ്പോലും നമ്മെ ഇത്രമാത്രം ഓർക്കുകയും കരുതുകയും ചെയ്യുന്ന നമ്മുടെ കർത്താവിന്റെ നിർമ്മലമായ സ്നേഹം തികഞ്ഞ നന്ദിയോടെയല്ലാതെ നാം എങ്ങനെ ഓർക്കും?**

**ജയിംസ് എം. തോമസ്, നെടുമ്പാശ്ശേരി**

"നമ്മുടെ സന്തോഷം പൂർണ്ണമാകുവാൻ ഞങ്ങൾ ഇതു നിങ്ങൾക്കു എഴുതുന്നു" (1 യോഹ. 1:4) സ്നേഹത്തിന്റെ അപ്പൊസ്തലനായ യോഹന്നാൻ ഒന്നാം ലേഖനം എഴുതുന്നതിന്റെ ലക്ഷ്യം (purpose of writing) വ്യക്തമാക്കുകയാണിവിടെ. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഏറ്റവും വലിയ ആഗ്രഹമാണ് നാം പൂർണ്ണ അളവിൽ ക്രിസ്തുവിലുള്ള സന്തോഷം അനുഭവിക്കണമെന്നുള്ളത്. ഫിലിപ്പ്യലേഖനത്തിലൂടെ പല പ്രാവശ്യം ദൈവാത്മാവ് 'കർത്താവിൽ സന്തോഷിപ്പിൻ' എന്ന് ആഹ്വാനം ചെയ്യുന്നുണ്ട് (ഫിലി. 3:1, 4:2,4). ആത്മാവിന്റെ ഫലത്തിലും സന്തോഷം ഉൾപ്പെട്ടിരിക്കുന്നു. (ഗലാ. 5:22).

യോഹന്നാന്റെ സുവിശേഷം 17-ാം അധ്യായത്തിൽ നമ്മുടെ കർത്താവിന്റെ പ്രാർത്ഥനയിൽ ഈ വിഷയത്തിലും കർത്താവു പിതാവിനോട് ഉള്ളം തുറക്കുന്നു: "ഇപ്പോഴോ ഞാൻ നിന്റെ അടുക്കൽ വരുന്നു; എന്റെ സന്തോഷം അവർക്കു ഉള്ളിൽ പൂർണ്ണമാകേണ്ടതിന് ഇതു ലോകത്തിൽ വച്ചു സംസാരിക്കുന്നു" (വാക്യം 13). പിതാവാം ദൈവത്തിന്റെ അടുക്കലേക്കു പോകുന്നതിനു മുമ്പുള്ള ഈ പ്രാർത്ഥനയിൽ നമ്മുടെ കർത്താവിന്റെ ആഗ്രഹം വെളിപ്പെടുന്നു. ക്രൂശിങ്കലേക്കുള്ള യാത്രയിൽപ്പോലും നമ്മെ ഇത്രമാത്രം ഓർക്കുകയും കരുതുകയും ചെയ്യുന്ന നമ്മുടെ കർത്താവിന്റെ നിർമ്മലമായ സ്നേഹം തികഞ്ഞ നന്ദിയോടെയല്ലാതെ നാം എങ്ങനെ ഓർക്കും?

നമ്മുടെ ഓരോരുത്തരുടെയും ഉള്ളിൽ യേശുക്രിസ്തുവിന്റെ സ്നേഹം പൂർണ്ണമാകണം. വിമ്മിട്ടത്തോടെയും അസംതൃപ്തിയോടെയും തള്ളി നീക്കുന്ന ഒരു ജീവിതം ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്നില്ല. തിരുവചനം ധ്യാനിക്കുകയും സന്തോഷിക്കുകയും ചെയ്യുന്ന ഒരു ദൈവപൈതലിനു ക്രിസ്തുവിലുള്ള സന്തോഷം പൂർണ്ണമാക്കുന്ന എന്തെല്ലാം കാര്യങ്ങളാണെന്നോ കണ്ടെത്തുവാൻ കഴിയുന്നത്. എന്നാൽ ഒട്ടനേക വിശ്വാസികളും തിരുവചനം വായിച്ചു വിടുന്നെങ്കിലും, അതിലുള്ള ഗുപ്തനിക്ഷേപങ്ങൾ കണ്ടെത്തുവാൻ സഹായിക്കുന്ന വചനധ്യാനം ശീലമാക്കുന്നില്ല എന്നതു ദുഃഖകരമാണ്.

യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ ക്രിസ്തുവിങ്കലേക്കു നമ്മുടെ സന്തോഷം പൂർണ്ണമാക്കുന്ന നിരവധി വിഷയങ്ങൾ കാണാം. അവയിൽ ഒരെണ്ണം മാത്രം ശ്രദ്ധയിൽപെടുത്തട്ടെ, "ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും സ്വന്തകണ്ണു കൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും ആയ ജീവന്റെ വചനം സംബന്ധിച്ചു....." (വാക്യം 1). ആദിമുതലുള്ള ജീവന്റെ വചനം ആരാണ്? നമ്മുടെ കർത്താവു തന്നെ. "ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടു കൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടു കൂടെ ആയിരുന്നു" (യോഹ. 1:1). യേശുക്രിസ്തുവിനെ ആക്ഷരികമായി അനുഭവിച്ചതിന്റെ ഹ്രസ്വമെങ്കിലും ശക്തമായ വിവരണം ഈ വാക്കുകളിൽ കേൾക്കാം. അവർ കർത്താവിനെ കേട്ടു, സ്വന്തകണ്ണു കൊണ്ട് കണ്ടു, നോക്കി, കൈ തൊട്ടു... ഈ അനുഭവങ്ങൾ അവരുടെ തുടർന്നുള്ള ക്രിസ്തീയ ജീവിതത്തിൽ സന്തോഷത്തിന്റെ പൂർണ്ണത പ്രദാനം ചെയ്വാൻ ധാരാളം മതിയായതായിരുന്നു.

ചുരുക്കത്തിൽ ക്രിസ്തുവിന്റെ സന്തോഷം നമ്മിൽ പൂർണ്ണമാകുവാൻ നാം യേശുകർത്താവിനെ അനുഭവിക്കണം. ശിഷ്യന്മാർക്ക് അവിടുന്ന് ആക്ഷരികമായി അനുഭവവേദ്യമായെങ്കിലും ഇന്നു നമുക്കു ആത്മീയമായി അനുഭവിക്കാൻ കഴിയുന്നവനാണ്, നമുക്ക് അവിടുന്ന് തികച്ചും യാഥാർത്ഥ്യവുമാണ്. ഇവിടെ ദൈവമുമ്പാകെ നാം നിശ്ചയമായും ഉത്തരം നൽകേണ്ട ചോദ്യമുയരുന്നു; നമ്മുടെ കർത്താവു നാം എപ്പോഴും അനുഭവിക്കണമെന്നാഗ്രഹിച്ച ക്രിസ്തുവിലുള്ള പൂർണ്ണ സന്തോഷം നാം അനുഭവിക്കുന്നുണ്ടോ? നാം ക്രിസ്തുവിലുള്ള സന്തോഷം ആഗ്രഹിക്കാതെയും വേണ്ടത്ര വിലമതിക്കാതെയും ജീവിക്കുന്നതു തിരുസന്നിധിയിൽ ഒരു വലിയ കുറ്റമാണെന്നു തീർച്ചയായും കരുതുന്നു. ഒരു ഭക്തനെങ്ങനെ ദൈവേഷ്ടത്തെ വിലമതിക്കാതെ മുന്നോട്ടു പോകാനാവും? പ്രിയരേ, ഈ ലഘുസന്ദേശം ഒരു പുനർവിചിന്തനത്തിനു കാരണമാകട്ടെ.

## വൈ. എം. ഇ. എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റ്

### പ്രസ്താവന

വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിന്റെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയും സാന്നിധ്യം കൊണ്ടും സാമ്പത്തിക സഹകരണങ്ങൾ കൊണ്ടും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും കർത്തൃനാമത്തിൽ നന്ദി അറിയിക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ അളവറ്റ കൃപയാൽ കേരളത്തിലും കേരളത്തിനു പുറത്തും ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നു എന്ന കാര്യം സന്തോഷത്തോടെ അറിയിക്കട്ടെ.

1999 ലാണ് 'ദക്ഷിണ ഭാരത സുവിശേഷീകരണം' എന്ന ആശയം ഉൾക്കൊണ്ട് പരിശുദ്ധാത്മനിയോഗത്താൽ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ടീം ആദ്യമായി കർണ്ണാടകത്തിലേക്ക് പുറപ്പെട്ടത്. 2008 വരെയും തുടർന്ന് 2010-12 കാലഘട്ടത്തിലുമായി 14 ജില്ലകളിൽ വ്യാപകമായി സുവിശേഷം എത്തിക്കുവാൻ കർത്താവു കൃപ ചെയ്തു. ഗ്രാമങ്ങളിൽ എത്തി പ്രാദേശിക സ്ഥലം സഭകളുടെ സഹകരണത്തോടെ ഈരണ്ടീരണ്ടു പേരായി ഭവനങ്ങൾ സന്ദർശിച്ച് വ്യക്തമായി സുവിശേഷം അറിയിച്ച് കർത്താവിനെ ഏറ്റു പറഞ്ഞു സ്വീകരിക്കുന്നവരെയും താല്പര്യം പ്രകടിപ്പിക്കുന്നവരെയും അനുധാവനം ചെയ്ത് സത്യോപദേശത്തിലേക്ക് നയിക്കുകയും ചെയ്യുന്നതിലൂടെ റോമ. 15:19 പ്രകാരം സുവിശേഷഘോഷണം പൂരിപ്പിക്കുവാൻ ശ്രമിച്ചുള്ള പ്രവർത്തനശൈലിയാണ് സ്വീകരിച്ചു വരുന്നത്. പ്രവർത്തന ഫലമായി പുതിയ സ്ഥലം സഭകൾ രൂപം കൊള്ളുകയും നിലവിലുള്ള സ്ഥലം സഭകൾക്ക് പ്രചോദനമായിത്തീരുകയും ചെയ്യുവാൻ കർത്താവ് എടുത്തുപയോഗിച്ചു.

കർണ്ണാടകത്തിൽ നമുക്ക് എത്തിച്ചേരാൻ സ്വാതന്ത്ര്യമുള്ള ജില്ലകൾ സന്ദർശിച്ചു കഴിഞ്ഞതിനാൽ 2008-2010 കാലഘട്ടത്തിലും തുടർന്ന് 2012 മുതൽ നാളിതുവരെയും തമിഴ്നാട്ടിലും പോണ്ടിച്ചേരിയിലുമായി പ്രവർത്തിച്ചു വരുന്നു. പോണ്ടിച്ചേരി, തമിഴ്നാട്ടിലെ ഈറോഡ്, ചിന്നസേലം എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ച ശേഷം തമിഴ്നാട്ടിലെ നിലക്കോട്ടയിലാണ് ടീം ഇപ്പോഴുള്ളത്. ശക്തമായ എതിർപ്പുകളുടെ മധ്യത്തിലും നിലക്കോട്ട ഏബെൻ ഏസെർ ബ്രദറൺ സഭയോടു ചേർന്ന് അനുഗ്രഹകരമായി പ്രവർത്തിച്ചു വരുന്നു.

ഇതുകൂടാതെ കേരളത്തിൽ വർഷം തോറും 3 ത്രിദിന സുവിശേഷക്യാമ്പുകൾ, രണ്ടുമൂന്നു മാസത്തിലൊരിക്കൽ കേരളത്തിലും തമിഴ്നാട്ടിലും ഒരാഴ്ച മുതൽ 10 ദിവസം വരെ നീണ്ടു നില്ക്കുന്ന ഹ്രസ്വകാമ്പയിനുകൾ, ഏകദിനസമ്മേളനങ്ങൾ, ദ്വൈമാസപ്രാർത്ഥനായോഗം സ്ഥലം സഭാസന്ദർശനം മുതലായവ ക്രമമായി നടന്നു വരുന്നു.

പ്രവർത്തനങ്ങൾക്കായി പ്രതിമാസം ഒരുലക്ഷം രൂപാ (1,00,000) സൗത്ത് ഡിവിഷൻ ട്രസ്റ്റിന് ചെലവായികൊണ്ടിരിക്കുന്നു. വേർപെട്ട ബ്രദറൺ സഭകളിലെ മാത്രം വ്യക്തികളുടെയും സ്ഥലം സഭകളുടെയും സ്വമേധാദാനങ്ങൾ കൊണ്ടാണ് ഈ പ്രവർത്തനം നടന്നു വരുന്നത്. നാളിതുവരെ ദൈവം അത്ഭുതകരമായി നടത്തി. തുടർന്നും നടത്തും എന്നു പൂർണ്ണമായി വിശ്വസിക്കുന്നു. എന്നാൽ ഇപ്പോഴത്തെ സാമ്പത്തിക അവസ്ഥ ദൈവജനങ്ങളെ അറിയിക്കേണ്ട ഉത്തരവാദിത്തം ഞങ്ങൾക്കുണ്ടല്ലോ. അതിനാലാണ് ഈ പ്രസ്താവന പുറപ്പെടുവിക്കുന്നത്.

2014-15 ലെ സാമ്പത്തിക വർഷം വരുമാനം മുൻവർഷത്തിന്റെ മൂന്നിലൊന്നായി കുറഞ്ഞു. ചെലവ് ഏറെ വർദ്ധിക്കുകയും ചെയ്തു. ഇങ്ങനെപോയാൽ പ്രവർത്തനം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിടും.

ദൈവജനം ഈ വസ്തുത മനസ്സിലാക്കി ശ്രദ്ധയോടെ പ്രാർത്ഥിക്കുകയും സഭകളായും വ്യക്തികളായും നിർലോഭമായി സാഹകരിച്ച് കർത്താവിൽ ചെയ്യുന്ന ഈ പ്രയത്നത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു. സാമ്പത്തിക കൂട്ടായ്മകൾ George Samuel, Muttathu House, Omalloor P.O., Pathanamthitta, Kerala Pin- 689 647 എന്ന വിലാസത്തിൽ അയച്ചാലും. ചെക്കോ, ഡ്രാഫ്റ്റോ അയക്കുന്നവർ YMEF South Division Trust എന്ന പേരിൽ അയക്കുക. A/c No 0165-01308247- 100001, Catholic Syrian Bank Pathanamthitta, IFSC: CSBK0000165

ക്രിസ്തുവിൽ സ്നേഹവന്ദനങ്ങളോടെ വൈ.എം.ഇ.എഫ്. സൗത്ത് ഡിവിഷൻ ട്രസ്റ്റിനു വേണ്ടി,

*വി.കെ. ജോയികുമാർ (സെക്രട്ടറി)*

## തൃശ്ശൂർ യൂണിറ്റിന് പുതിയ ഭാരവാഹികൾ

**തൃശ്ശൂർ:** വൈ.എം.ഇ.എഫ്. തൃശ്ശൂർ യൂണിറ്റിന്റെ ഏകദിന സമ്മേളനം നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിൽ വളരെ അനുഗ്രഹമായി നടന്നു. ഏകദേശം 300-ൽ പരം പേർ പങ്കെടുത്തു. 'വിശ്വാസത്യാഗം' എന്ന വിഷയത്തെ ആസ്പദമാക്കി ബ്രദർ ടി.പി. കനകരാജ് തിരുവനന്തപുരം അനുഗൃഹീത ദൂതുകൾ നല്കി.

പ്രസ്തുത സമ്മേളനത്തിൽ 2015-2016 വർഷത്തേക്കുള്ള ഭാരവാഹികളായും കമ്മിറ്റി അംഗങ്ങളായും താഴെ പറയുന്ന സഹോദരന്മാരെ ഉത്തരവാദിത്തങ്ങൾ ഏല്പിച്ചു. സജി വർഗീസ് താളിക്കോട് (പ്രസിഡന്റ്), ഐ.വി. സാംജി ചിറക്കേക്കോട് (വൈ. പ്രസിഡന്റ്), എം.പി. ഷാജു മാറ്റാംപുറം ( സെക്രട്ടറി), ജോസഫ് പി.എ നെല്ലിക്കുന്ന് (ജോ. സെക്രട്ടറി), ബോബി ചാക്കോ കിഴക്കേക്കോട്ട (ട്രഷറാർ), പി.എ. ഡേവി നെല്ലിക്കുന്ന്- സീയോൻ (പ്രയർ കോഡിനേറ്റർ). തുർന്നും പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

എം.പി. ഷാജു (സെക്രട്ടറി)

**പ്രബോധനം**

സി.സത്യദാസ്, വെളിയംകോട്

## സുവിശേഷകന്റെ പ്രവൃത്തി ചെയ്ത സെഖര്യാവ്

**പുരോഹിതശുശ്രൂഷയും പ്രവാചക ശുശ്രൂഷയും രണ്ടും ദൈവിക ശുശ്രൂഷയാണ്; എന്നാൽ ശ്രമകരമല്ലാത്തത് പുരോഹിത ശുശ്രൂഷയാണ്. ഇവിടെ മനുഷ്യർക്കുവേണ്ടി ദൈവസന്നിധിയിൽ ചെല്ലുന്നു. എന്നാൽ ദൈവത്തിനുവേണ്ടി മനുഷ്യരുടെ മുമ്പിൽ നില്ക്കേണ്ടി വരുന്നതു അല്പം പ്രയാസമുള്ള കാര്യമാണ്.**

ദൈവകരങ്ങളിൽ ഇണങ്ങിയ ആയുധമായി ഉപയോഗിക്കപ്പെട്ട അനേക ഭക്തന്മാരെ വിശുദ്ധ തിരുവെഴുത്തിൽ കാണാം. പരിശുദ്ധാത്മാവ് വചനരചനയ്ക്കായ് തന്റെ കരം ചലിപ്പിച്ചപ്പോൾ അനേകർക്കുവേണ്ടി അനവധി പേജുകൾ മാറ്റിവെച്ചു. പിറന്ന നാട്, മാതാപിതാക്കൾ, ജനനം, ജീവിതം, തൊഴിൽ, ജീവിത വിജയപരാജയങ്ങൾ, മക്കൾ അവരുടെ കർമ്മ പരിപാടികൾ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ. എന്നാൽ ചില ഭക്തന്മാരുടെ ചരിത്രം ഒന്നോ, രണ്ടോ വാക്യത്തിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. ആവിധം ചരിത്രം ചമയ്ക്കാൻ പരിശുദ്ധാത്മാവാം ദൈവത്തിനു മാത്രമേ കഴിയൂ.

കേവലം മൂന്നു വാക്യങ്ങളിൽ മാത്രം ജീവിതയാത്രയുടെ പൂർണ്ണത്വം വചനമാകുന്ന സ്ക്രീനിൽ തെളിയിക്കപ്പെട്ടിരിക്കുന്ന വെള്ളിവെളിച്ചമാണ് "സെഖര്യാവ്." മാറ്റമില്ലാത്ത തിരുവചനത്തിന്റെ പേജുകൾ മറിക്കുമ്പോൾ ഏകദേശം മുപ്പതോളം ☞

**ഇവിടെ ആരും അനാഥരല്ല...**


തൃശ്ശൂർ രഹബോത്ത് - ഫീച്ചർ പേജ് 3,4 കാണുക

സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

2015 ജൂൺ 06

പുസ്തകം 37, ലക്കം 46

# സ്ത്രീ ശാക്തീകരണം

**2015** ലെ നമ്മുടെ റിപ്പബ്ലിക് ദിനം വളരെ പ്രത്യേകതയേറിയതായിരുന്നു. അമേരിക്കൻ പ്രസിഡന്റ് ബാറാക് ഒബാമ റിപ്പബ്ലിക് ദിന പരേഡിനു സാക്ഷ്യം വഹിച്ചത് ചരിത്രത്തിന്റെ താളുകളിൽ കുറിച്ചിടപ്പെടാൻ സാധ്യതയുണ്ട്. പരേഡിൽ നാവിക സേനയുടെ വനിതാ വിഭാഗത്തെ നയിച്ചത് മലയാളിയായ ലഫ്. കമാൻഡർ പ്രിയ ജയകുമാറായിരുന്നു. കേരളീയർക്ക് ഇത് വളരെ പ്രശംസിക്കത്തക്കതാണ്. എന്നാൽ അന്നേദിവസം പുരുഷ സംഘത്തെ നയിച്ചതും വനിതാ ഓഫീസർ ലഫ്. കമാൻഡർ സന്ധ്യ ചൗഹാനായിരുന്നുവെന്നത് കൗതുകകരവും അത്യന്തം ആശ്ചര്യകരവുമാണ്.

ഈ അടുത്തിട മലയാള മനോരമ അല്പം പ്രാധാന്യം നല്കി പ്രസിദ്ധീകരിച്ച വാർത്ത കൗതുകത്തോടെയാണ് വായിച്ചത്. അതിന്റെ തലക്കെട്ട് ഇപ്രകാരമായിരുന്നു, "പുരുഷന്മാരെ അകറ്റൂ ദീർഘായുസ്സോടെ ജീവിക്കൂ." സ്കോട്ലൻഡിലെ ഇപ്പോഴുള്ളതിൽ ഏറ്റവും പ്രായമുള്ള ജെസി ഗലന്റേതാണ് ഈ വാക്കുകൾ. ഇതു ഏറ്റുപാടാൻ ഈ തലമുറയിൽ ചിലർ ഉണ്ടാകുമോ? ആവോ.

നമ്മുടെ പൊതുവിതരണ സമ്പ്രദായത്തിൽ പുതുതായി ഇറങ്ങാൻ പോകുന്ന റേഷൻകാർഡും കുടുംബനാഥൻ എന്ന വ്യവസ്ഥയിൽ നിന്നും മുതിർന്ന സ്ത്രീ അഥവാ കുടുംബനാഥയുടെ പേരിലാക്കാൻ പോകുകയാണല്ലൊ. ഇതിന് സ്ത്രീ സമത്വമെന്നോ സ്ത്രീ ശാക്തീകരണമെന്നോ പേർ പറയാൻ കഴിയുമായിരിക്കാം. ലോകവ്യവസ്ഥിതി ഇങ്ങനെയൊക്കെയാകുന്നതിൽ നാം അതിശയിക്കേണ്ടതില്ല.

ക്രൈസ്തവരും സ്ത്രീസമത്വമെന്ന ആശയത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു. വനിതാപട്ടക്കാരും ഈയടുത്തിടെ വനിതാ ബിഷപ്പിനെ വാഴിച്ചതും നാം വായിച്ചറിഞ്ഞതാണല്ലൊ. വിശ്വാസഗോളത്തിലും സ്ത്രീ സമത്വമെന്ന ആശയം ശക്തിപ്പെട്ടിട്ടില്ലെങ്കിലും ഇപ്പോഴുള്ളത് പോരാ എന്ന ആശയം അവിടവിടെ ഉയർന്നുവരുന്നതായി കാണുന്നു. വിശ്വാസികൾ സ്ത്രീപുരുഷഭേദമെന്യേ രാജകീയ പുരോഹിതവർഗ്ഗമാണ്. എന്നാൽ സഭായോഗങ്ങളിലും ശുശ്രൂഷകളിലും കർത്താവു വച്ചിട്ടുള്ള അതിർവരമ്പുകൾ ലംഘിക്കപ്പെടാൻ പാടുള്ളതല്ല. ജീവിതത്തിന്റെ സമസ്തമേഖലകളിൽ, കുടുംബത്തിലും സഭയിലും ദൈവവചനം അനുവദിക്കുന്ന അവകാശങ്ങൾ - പദവികൾ - സംരക്ഷിക്കപ്പെടേണ്ടതാണ്; ഇവ ഒരിടത്തും നിഷേധിക്കപ്പെടാൻ പാടില്ല. അങ്ങനെ ചെയ്യുന്നത് കർത്താവിനോടുള്ള അവിശ്വസ്തതയും പാപവുമാണ്. എന്നാൽ ദൈവവചനം അനുവദിക്കാത്ത യാതൊരു ശുശ്രൂഷ കൊണ്ടും ശുശ്രൂഷിക്കുന്നവർക്കോ ശുശ്രൂഷയേല്ക്കുന്നവർക്കോ നന്മയും അനുഗ്രഹവും ഉണ്ടാവുകയില്ലെന്നുള്ളതു ഭയത്തോടെ ഓർക്കുക.

സഭായോഗങ്ങളിൽ സഹോദരിമാർക്കുള്ള നിർദ്ദേശം 1 കൊരി. 14:34,35–ൽ നാം കാണുന്നു. സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്കു അനുവാദമില്ല. സംശയനിവാരണം വരുത്തുന്നതുപോലും പൊതു സഭയിൽ പാടില്ല. സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ. 1 തിമൊ. 2:11,12 വാക്യങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക. സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടു കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ഇതിനുള്ള കാരണവും താഴെ വായിക്കുന്നു.

ഇത്രയും സുവ്യക്തമായി ദൈവവചനം നമുക്കു നൽകിയിരിക്കെ സുവിശേഷവിഹിത സഭകൾ എന്നറിയപ്പെടുന്ന പല സഭാവിഭാഗങ്ങളും ഈ പ്രമാണങ്ങൾ ലംഘിക്കുന്നു. വേർപാട് സഭകളിലും ഇതിന്റെ ലംഘനം പലപ്പോഴും ചില സഭകളിൽ കണ്ടുവരുന്നു. സഹോദരിമാർക്കും സഭായോഗങ്ങളിൽ സ്തോത്രം ചെയ്യാനുള്ള അവസരം വേണമെന്ന ആശയം ഉയർന്നുവരുന്നു. സഭയായുള്ള പ്രാർത്ഥനായോഗങ്ങളിൽ സഹോദരിമാർ പ്രാർത്ഥിക്കുകയും സഭ ആമേൻ പറയുകയും ചെയ്യുന്നു. പാട്ടുകൾ സഹോദരിമാർ ആരംഭിച്ചു സഭ തുടർന്നു പാടുന്നു. സാക്ഷ്യത്തിനുള്ള അവസരം ദുർവിനിയോഗം ചെയ്തു പ്രബോധനത്തിലേക്കു കടക്കുന്നു. പ്രസിദ്ധീകരണങ്ങളിൽ പോലും സഹോദരിമാരോട് എന്ന തലക്കെട്ടിൽ വരുന്ന പലതും തലക്കെട്ടുമായി ബന്ധമില്ലാത്ത പ്രബോധനങ്ങളായി മാറുന്നു.

സ്ത്രീകൾക്ക് ദൈവം വളരെ കഴിവുകൾ നല്കിയിട്ടുണ്ട്. അവ ശരിയായ നിലയിൽ ഉപയോഗിച്ചാൽ വളരെ നന്മയും അനുഗ്രഹവും ഉണ്ടാകും. ദുർവിനിയോഗം ചെയ്താൽ ദോഷമേ ഉണ്ടാകൂ. ബ്രദറൺ സഭകളിലെല്ലാം ഇങ്ങനെയൊക്കെ നടക്കുന്നുവെന്നു ഇവിടെ ഉദ്ദേശിക്കുന്നില്ല. നമ്മുടെ ചിലസഭകളിൽ മാത്രം; അല്ലാത്തവയെ ഓർത്ത് സ്തോത്രം ചെയ്യുന്നതോടൊപ്പം ഇങ്ങനെയുള്ള നവീന ആശയങ്ങൾ നുഴഞ്ഞു കയറാതിരിക്കാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദൈവവചനം അനുസരിക്കുന്ന വേർപാട് സമൂഹം സ്ത്രീകൾക്ക് നല്കിയിട്ടുള്ളതുപോലെയുള്ള സ്ഥാനമാനങ്ങൾ മറ്റൊരു സമൂഹവും നല്കിയിട്ടില്ലെന്നു ഓർക്കുക. സൃഷ്ടിയിൽ സ്ത്രീക്കുള്ള സ്ഥാനം മാന്യമാണ്. നാം അതു അനുവദിച്ചുനല്കുന്നു. കുടുംബത്തിൽ ഭർത്താവു ഭാര്യയെ സ്വന്ത ശരീരത്തെപ്പോലെ സ്നേഹിക്കണമെന്നും പോറ്റിപ്പുലർത്തണമെന്നും എഫെസ്യർ 5:28,29 വാക്യങ്ങളിലും അവൾക്കു ബഹുമാനം കൊടുക്കണമെന്നു 1 പത്രോസ് 3 ന്റെ 7 ലും പറഞ്ഞിരിക്കുന്നു. സമൂഹം സ്ത്രീയെ അവരുടെ കഴിവിന്റെയും പദവിയുടെയും അടിസ്ഥാനത്തിൽ ബഹുമാനിക്കുമ്പോൾ ബ്രദറൺകാർ ഭാര്യമാർക്കു കൊടുക്കുന്ന ബഹുമാനം അവരുടെ ബലഹീനതയുടെയും കൃപയ്ക്ക് കൂട്ടവകാശികൾ എന്നുള്ളതിന്റെയും അടിസ്ഥാനത്തിലാണ്. പൗലോസ് തിമൊഥെയോസിനു എഴുതുന്നത് ശ്രദ്ധിക്കുക. മൂത്ത സ്ത്രീകളെ അമ്മമാരെപ്പോലെയും ഇളയ സ്ത്രീകളെ പൂർണ്ണ നിർമ്മലതയോടെ സഹോദരിമാരെപ്പോലെയും കരുതണം. കെംക്രെയ സഭയിലെ ശുശ്രൂഷക്കാരത്തിയായ ഫേബയെ കരുതുവാൻ പൗലോസ് കല്പിക്കുന്നത് വിശുദ്ധന്മാർക്ക് യോഗ്യമാം വണ്ണമാണ് (റോമ. 16:1). 1 കൊരി. 11:11 –ൽ കർത്താവിൽ പുരുഷനെക്കൂടാതെ സ്ത്രീയുമില്ല സ്ത്രീയെക്കൂടാതെ പുരുഷനുമില്ല എന്നു വായിക്കുന്നു. സ്ത്രീയെ അധമമായി കാണാൻ ദൈവവചനം അനുവദിക്കുന്നില്ല. എന്നാൽ കുടുംബത്തിലും സഭയിലും ശുശ്രൂഷാരംഗത്തും കർത്താവ് കല്പിച്ചിട്ടുള്ള പ്രമാണങ്ങൾ ലംഘിക്കുവാൻ പാടുള്ളതല്ലായെന്നു ഭയത്തോടെ ഓർക്കുക. ആകയാൽ പുരുഷനാകട്ടെ സ്ത്രീയാകട്ടെ അവരവർക്ക് വരം ലഭിച്ചതുപോലെ ദൈവകൃപയുടെ നല്ല ശുശ്രൂഷകരായിരിക്കട്ടെ. ദൈവം ഇതിനായി നമ്മെ സഹായിക്കുമാറാകട്ടെ.

**പി.റ്റി. ജോൺ**

**വിശ്വാസഗോളത്തിൽ സ്ത്രീസമത്വമെന്ന ആശയം ശക്തിപ്പെട്ടിട്ടില്ലെങ്കിലും ഇപ്പോഴുള്ളത് പോരാ എന്ന ആശയം അവിടവിടെ ഉയർന്നു വരുന്നതായി കാണുന്നു.**

☞ സെഖര്യാവ് മാരെ കാണാം. എന്താണ് ഇത്രയും മാതാപിതാക്കൾ തങ്ങളുടെ മക്കൾക്ക് സെഖര്യാവ് എന്ന നാമകരണം ചെയ്യാൻ കാരണം? മറ്റൊന്നല്ല, 'യഹോവ ഓർമ്മിക്കുന്നു' എന്ന അർത്ഥമാകണം. എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്നു കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല (3 യോഹ.4) എന്നതുപോലെ യഹോവയാൽ ഓർമ്മിക്കപ്പെടുന്നു എന്നതു എത്ര ഉന്നതമായ കാര്യമാണ്.

നാം വിചിന്തനത്തിനു പാത്രക്കുന്നതു യഹോയാദാ പുരോഹിതന്റെ മകനാണ്. 2 ദിന. 24:20–22 വരെയുള്ള വേദഭാഗത്തു തന്റെ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഭക്തരായ മാതാപിതാക്കളാൽ ജനിച്ചു വളർത്തപ്പെടാൻ ഭാഗ്യം ഉണ്ടായി. പിതാവ് പുരോഹിതനായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിനു ശേഷം ന്യായപ്രമാണപ്രകാരം തീർച്ചയായും തന്റെ മകൻ പുരോഹിതനാകണം. എന്നാൽ സെഖര്യാവ് ചെയ്യുന്നത് പ്രാവചക ശുശ്രൂഷയാണ്. പുരോഹിതശുശ്രൂഷയും പ്രവാചക ശുശ്രൂഷയും രണ്ടും ദൈവിക ശുശ്രൂഷയാണ്; എന്നാൽ ശ്രമകരമല്ലാത്തത് പുരോഹിത ശുശ്രൂഷയാണ്. ഇവിടെ മനുഷ്യർക്കുവേണ്ടി ദൈവസന്നിധിയിൽ ചെല്ലുന്നു. എന്നാൽ ദൈവത്തിനുവേണ്ടി മനുഷ്യരുടെ മുമ്പിൽ നില്ക്കേണ്ടി വരുന്നതു അല്പം പ്രയാസമുള്ള കാര്യമാണ്. അതാണ് പ്രവാചകന്റെ ജോലി.

സെഖര്യാവ് തന്റെ ശുശ്രൂഷ തുടങ്ങുന്നതു തന്റെ പിതാവ് മരിച്ചപ്പോൾ അല്ല. ഒരു ഒഴിവ് നികത്തുകയല്ലായിരുന്നു. പിന്നെയോ പിതാവ് മരിച്ചു വർഷം പലതു കഴിഞ്ഞു. ദൈവത്തിന്റെ ആത്മാവ് യഹോയാദാ പുരോഹിതന്റെ മകനായ സെഖര്യാവിന്റെ മേൽ വന്നു (2 ദിന. 24:20). അതുവരെ താൻ കാത്തിരുന്നു. കർത്താവ് പറഞ്ഞ വാക്കുകൾ എത്ര കൃത്യമായ് താൻ പാലിക്കുന്നു. എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് (പ്രവൃ. 1:8) ഉയരത്തിലെ ബലം തന്റെ ശുശ്രൂഷയ്ക്കു ആവശ്യമാണെന്ന കാര്യത്തിൽ താൻ പൂർണ്ണ ബോധവാനായിരുന്നു. അതിനുവേണ്ടി താൻ ക്ഷമയോടെ കാത്തിരുന്നു. എത്ര കാലം? സ്വർഗ്ഗം കനിയുവോളം, യഹോവയുടെ ആത്മാവ് ഉദ്യമിപ്പിച്ചു തുടങ്ങുവോളം (ന്യായാ. 13:25). കർത്താവിന്റെ ബലമുള്ള കരത്തിൻ കീഴിൽ താണിരുന്നു അവിടുന്നു ഉയർത്തുവോളം (1 പത്രോ. 5:6). തീർച്ചയായും അനുകരണീയമായ മാതൃക തന്നെ.

അവൻ ജനത്തിന്നെതിരെ നിന്നു അവരോട് പറഞ്ഞത്, 'നിങ്ങൾക്ക് ശുഭം വരുവാൻ കഴിയാതെവണ്ണം നിങ്ങൾ യഹോവയുടെ കല്പനകളെ ലംഘിക്കുന്നത് എന്ത്? നിങ്ങൾ യഹോവയെ ഉപേക്ഷിച്ചതുകൊണ്ട് അവൻ നിങ്ങളെയും ഉപേക്ഷിച്ചിരിക്കുന്നു.' ജനത്തിന് ഇഷ്ടം ഉള്ള രീതിയിൽ പ്രവചിക്കുക - അത് എല്ലാവർക്കും ഇമ്പം തോന്നുന്ന കാര്യമാണ്. വാസ്തവത്തിൽ അവർക്ക് പ്രിയം ഉണ്ടാവേണ്ട വസ്തുത തന്നെയാണ്. എന്താ അത്? നിങ്ങൾ ദൈവത്തിങ്കലേക്ക് തിരിയുക, നിങ്ങൾക്ക് ശുഭം വരും. കർത്താവിനെ ഹൃദയത്തിൽ രക്ഷകനായി സ്വീകരിക്കൂ നിങ്ങൾ രക്ഷിക്കപ്പെടും എത്ര ലളിതമായ സന്ദേശം? എന്നാൽ അത് അവർക്ക് എതിരേയുള്ള വാക്കുകളായിട്ടാണ് അവർക്ക് തോന്നുന്നത്. അപ്പോൾ തന്നെ അവർക്കു എതിരേയുള്ള സന്ദേശമാണ്. പാപത്തിനു എതിരെ, അനീതിക്ക് എതിരെ, ദുരുപദേശത്തിന് എതിരെ, അന്ധവിശ്വാസത്തിനും അനാചാരത്തിനും എതിരേ. എത്രയെത്ര ധീരന്മാർ നമുക്ക് മുന്നിൽ അഭിമാനപൂർവ്വം തല ഉയർത്തി നില്ക്കുന്നു. യോഹന്നാൻ സ്നാപകൻ, സ്തെഫാനൊസ്, പൗലോസ്, സഭാപിതാക്കന്മാർ, ഗ്രഹാം സ്റ്റയിൻസും രണ്ടു മക്കളും തുടങ്ങി അനവധി പേർ. ഇന്നും കർത്താവ് അയക്കുന്നത് നിങ്ങൾക്ക് "എതിരെ"യുള്ള ഗ്രാമത്തിലേക്കാണ് (ലൂക്കോ. 19:30). ശ്രോതാക്കളുടെ അഭിരുചിക്ക് അനുസരിച്ച് അങ്ങോട്ടും ഇങ്ങോട്ടും അയവു വരുത്താൻ അനുവാദം ഇല്ലാത്ത അനുഗൃഹീത സന്ദേശമാണ് സുവിശേഷം.

**കാൽവറി കുന്നിൽ കൊളുത്തിയ ദീപം അണയ്ക്കാൻ ആരെല്ലാം ആവത് അടരാടിയാലും ആത്മാവാം ദൈവത്തിന്റെ അളവറ്റ കൃപ അനർഗളമായ് അവനിയിൽ അനുഭവിച്ചു കൊണ്ടു ആദരപൂർവ്വം ആയിരങ്ങൾ ആ ദിവ്യപാദത്തിൽ ജീവനർപ്പിക്കുന്നതിൽ അഭിമാനിക്കുന്നു.**

സെഖര്യാവിനെപ്പോലെ പുതിയ നിയമത്തിൽ ഒരു കർത്തൃദാസനെ കാണാം. അതു സ്തെഫാനൊസ് ആണ്. ചിലർ എഴുന്നേറ്റ് അദ്ദേഹത്തോട് തർക്കിച്ചു എന്നാണ് നാം കാണുന്നത്. എന്നാൽ അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവോടും എതിർത്തു നില്ക്കാൻ അവർക്ക് കഴിഞ്ഞില്ല (പ്രവൃ. 6:10). നമുക്ക് മടങ്ങി സെഖര്യാവിന്റെ അടുക്കൽ പോകാം. അവരുടെ നന്മയുടെ സുവിശേഷം അവർ കേട്ടപ്പോൾ ആ ദൈവദാസനെ ഇരട്ടി മാനത്തോടെ ആദരിക്കേണ്ടതിനു പകരം അവർ അവന്റെ നേരെ കൂട്ടുകെട്ടു ഉണ്ടാക്കി (2 ദിന. 24:21). ഇതേ കാര്യം സ്തെഫാനൊസിന്റെ കാര്യത്തിലും കാണാം. അപ്പോൾ അവർ ചില പുരുഷന്മാരെ വശത്താക്കി. (പ്രവൃ. 6:11) എന്തിനുവേണ്ടി? ഈ സന്ദേശവും അതിന്റെ ആൾക്കാരും ഈ ഭൂമിയിൽ ഉണ്ടാകാൻ പാടില്ല! ഇത്തരം ചിന്താഗതിക്കു മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. അതു കർത്താവിന്റെ മടങ്ങി വരവോളം തുടരുകയും ചെയ്യും. സങ്കീർത്തനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: യഹോവയ്ക്കും അവന്റെ അഭിഷിക്തനും വിരോധമായി ഭൂമിയിലെ രാജാക്കന്മാർ എഴുന്നേല്ക്കുകയും അധിപധികൾ തമ്മിൽ ആലോചിക്കുകയും ചെയ്യുന്നു (സങ്കീ. 2:2). കൂട്ടുകെട്ടിന്റെ ഫലം എന്തായിരുന്നു? രാജാവിന്റെ കല്പന പ്രകാരം യഹോവയുടെ ആലയത്തിന്റെ പ്രാകാരത്തിൽ വച്ചു അവനെ കല്ലെറിഞ്ഞു കൊന്നു (2 ദിന. 24:21). അവർ ഉറക്കെ നിലവിളിച്ചുകൊണ്ടു ചെവി പൊത്തി ഒന്നിച്ചു അവന്റെ നേരെ പാഞ്ഞു ചെന്നു. അവനെ നഗരത്തിനു പുറത്താക്കി കല്ലെറിഞ്ഞു കൊന്നു (പ്രവൃ. 7:58). സുവിശേഷത്തിനുവേണ്ടി നിറഞ്ഞ സന്തോഷത്തോടെ ഈ കർത്തൃദാസന്മാർ അവരുടെ പ്രാണനെ ദൈവത്തിന്റെ കരങ്ങളിൽ അർപ്പിച്ചു. ഇത് ഇന്നും തുടരുന്നു. ആയിരങ്ങൾ പതിനായിരങ്ങൾ അവരുടെ ജീവനെ വിലയേറിയതായ് കാണാതെ ലോകത്തിന്റെ വിവിധ കോണുകളിൽ വീണ്ടെടുപ്പുകാരന്റെ പാത മുറുകെ പിടിക്കുന്നു. കാൽവറി കുന്നിൽ കൊളുത്തിയ ദീപം അണയ്ക്കാൻ ആരെല്ലാം ആവത് അടരാടിയാലും ആത്മാവാം ദൈവത്തിന്റെ അളവറ്റ കൃപ അനർഗളമായ് അവനിയിൽ അനുഭവിച്ചുകൊണ്ടു ആദരപൂർവ്വം ആയിരങ്ങൾ ആ ദിവ്യപാദത്തിൽ ജീവനർപ്പിക്കുന്നതിൽ അഭിമാനിക്കുന്നു.

ആ ദിവ്യ മുഹൂർത്തത്തിൽ അവരുടെ പ്രതികരണം എന്തായിരുന്നു? അവൻ മരിക്കുമ്പോൾ യഹോവ നോക്കി ചോദിച്ചു കൊള്ളട്ടെ ( 2 ദിന. 24:22). അവനോ മുട്ടു കുത്തി കർത്താവേ അവർക്ക് ഈ പാപം നിറുത്തരുതെ (പ്രവൃ. 7:60) എത്ര അനുകരണീയം. ഇങ്ങനെ പറയാൻ കാരണം, ദൈവം പറയുന്നു പ്രതികാരം എനിക്കുള്ളത്; ഞാൻ പകരം ചെയ്യും (റോമ. 12:19). ദൈവം പ്രതികാര വസ്ത്രം ഉടുക്കുന്നു (യെശ. 59:17). ദൈവം അവരുടെ പ്രവൃത്തികൾക്കു പ്രതികാരകനും ആകുന്നു (സങ്കീ. 99:8). ന്യായമായ് വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിച്ചു. അവരുടെ ശുശ്രൂഷാകാലം തികച്ചു. അവർ വീട്ടിലേക്കും പോയി. (ലൂക്കോ. 1:23). നല്ല പോർ പൊരുതി, വിശ്വാസം കാത്തു, നീതിയുടെ കിരീടത്തിനായി ആ ഇമ്പങ്ങളുടെ പറുദീസയിലേക്ക് പോയി.

എന്നാൽ സംഭവിച്ചത് എന്താണ്? മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും എന്ന കാര്യം അക്ഷരം പ്രതി നിറവേറ്റുന്നതായി നാം കാണുന്നു. യെഹോയാദാ പുരോഹിതന്റെ പുത്രന്മാരുടെ രക്തം നിമിത്തം, അവന്റെ സ്വന്ത ഭൃത്യന്മാർ അവന്റെ നേരെ കൂട്ടുകെട്ടുണ്ടാക്കി അവനെ കിടക്കയിൽ വെച്ചു കൊന്നു കളഞ്ഞു (2 ദിന. 23:25). താൻ കല്ലേറു കൊണ്ടു മരിക്കുമ്പോൾ സെഖര്യാവ് പറഞ്ഞു, "യഹോവ നോക്കി ചോദിച്ചു കൊള്ളട്ടെ." ദൈവം കരുണയുള്ളവൻ, മനസ്സലിവുള്ളവൻ, ക്ഷമിക്കുന്നവൻ; ഒക്കെ ശരിയാണ്, എന്നാൽ തന്റെ മക്കളെ തൊട്ടാൽ അവിടുന്നു എഴുന്നേല്ക്കും. മനുഷ്യ ചരിത്രം പരിശോധിച്ചാൽ നമുക്കതു കാണാം. അവിടുത്തെ നാമം മാത്രം വാഴ്ത്തപ്പെടട്ടെ.




# ഇവിടെ ആരും അനാഥരല്ല

സ്പെഷൽ ഫീച്ചർ

സാമുവേൽ തോമസ്

**നൂറ്റിപ്പത്തു വർഷം പിന്നിടുന്ന തൃശ്ശൂർ നെല്ലിക്കുന്ന് രഹബോത്ത് ഗേൾസ് ഓർഫനേജിന്റെ പ്രവർത്തന പുരോഗതിയെപ്പറ്റി ഒരു പ്രത്യേക ഫീച്ചറും മിസ്. പി.എൻ. ട്രഷറുമായി ബ്രദർ ഇ.ജെ. പൈലി നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങളും.**

"**മമ്മീ,** ഞാൻ കഴിഞ്ഞ രാത്രിയിൽ ഒട്ടുംതന്നേ ഉറങ്ങിയില്ല."

"അതെന്താ, മോളെന്തെടുക്കയായിരുന്നു...?"

"ഞാൻ ജനാലയ്ക്കരികിലിരുന്ന് സംസാരിക്കയായിരുന്നു."

"ആരോടാണ് നീ സംസാരിച്ചത്?"

"മമ്മീ, ഞാൻ ഈ ലോകത്തിൽ ആരോട് ആവശ്യങ്ങൾ പറയാനാണ്... ഞാൻ സ്വർഗ്ഗത്തിലുള്ള എന്റെ പപ്പായോട് സംസാരിക്കയായിരുന്നു."

"ഓ- അതെയോ- എന്തായിരുന്നു സംസാര വിഷയം?"

"കോളേജിൽ ഫീസ് കൊടുത്തിട്ടില്ല; നാളെ അവസാന ദിവസമാണ്. അതാ പറഞ്ഞത്."

അവൾ പറഞ്ഞു നിർത്തി. അന്ന് ഒരു അത്ഭുതം നടന്നു. ഒരു കവർ ഓർഫനേജിൽ ലഭിച്ചു. അതിൽ ആ കുട്ടി പറഞ്ഞത്ര തുക കൃത്യമായി ഉണ്ടായിരുന്നു.

"ഇതാ നിന്റെ ഫീസ് ഇവിടെ എത്തിയിരിക്കുന്നു." മമ്മിയുടെ ശബ്ദം അവളെ അമ്പരപ്പിച്ചില്ല.

അവൾ പറഞ്ഞു, "അതും സ്വർഗ്ഗത്തിലെ പിതാവ് എന്നോട് പറഞ്ഞിരുന്നു."


ഞങ്ങൾ അനാഥരല്ല....

അനേക അനാഥക്കുഞ്ഞുങ്ങളുടെ കണ്ണീർ വീണു നനഞ്ഞ മമ്മിയുടെ ആ നീളൻ ഉടുപ്പ് അന്നും അവളുടെ കണ്ണീരിനാൽ കുതിർന്നു. മമ്മി അവളെ ആലിംഗനം ചെയ്ത് ആശ്വസിപ്പിച്ചു.

ഇത് ആ കുട്ടിയുടെ മാത്രം അനുഭവമല്ല; നൂറു വർഷത്തിലധികമായി ഇവിടെ ജീവിതം കണ്ടെത്തിയ അനേക പെൺകുഞ്ഞുങ്ങളുടെ അനുഭവസാക്ഷ്യമാണ്. അവരാരും ഇവിടെ അനാഥരായിരുന്നില്ല- അവർക്ക് സ്വർഗ്ഗത്തിൽ ഒരു പിതാവും ഭൂമിയിൽ എല്ലാമായി മമ്മിയും ഉണ്ടായിരുന്നു. പിന്നെ അവരെങ്ങനെ അനാഥരാകും?

**അല്പം ചരിത്രം**

തൃശ്ശൂർ നെല്ലിക്കുന്ന് രഹബോത്ത് അനാഥശാല ആരംഭിച്ചിട്ട് 110 വർഷം തികയുന്നു. തുടക്കം കുന്നംകുളത്തായിരുന്നു. അക്കാലത്ത് വോൾബ്രെച്ച് നാഗൽ (Volbrecht Nagel) എന്ന ജർമ്മൻ മിഷണറി കുന്നംകുളം ആസ്ഥാനമാക്കി കേരളത്തിൽ പ്രവർത്തിച്ചുവന്നു. 'സമയമാം രഥത്തിൽ' എന്ന വിശ്വപ്രസിദ്ധ ഗാനത്തിലൂടെ ക്രൈസ്തവലോകത്തിനു പ്രിയങ്കരനായി ത്തീർന്ന നാഗൽ സായ്പ് ഇതു തന്നെ. അന്ന് അദ്ദേഹത്തിനും കുടുംബത്തിനും ലഭിച്ച അനാഥക്കുഞ്ഞുങ്ങളെ ഒരു കുറവും കൂടാതെ അവർ വളർത്തി. ചില നാളുകൾ കഴിഞ്ഞപ്പോൾ കുഞ്ഞുങ്ങളുടെ എണ്ണം കൂടി. വീണ്ടും വീണ്ടും കുഞ്ഞുങ്ങളെ ലഭിച്ചുകൊണ്ടിരുന്നപ്പോൾ തനിക്ക് തെല്ലൊരങ്കലാപ്പുണ്ടായി എങ്കിലും അത് ഒരു ദൈവിക നിയോഗമായി താൻ ഏറ്റെടുക്കുകയായിരുന്നു. അങ്ങനെ 1901-ൽ കുന്നംകുളത്ത് ആരംഭിച്ച ഈ കരുണയുടെ നീർച്ചാൽ 1905-ൽ തൃശ്ശൂരിൽ എത്തി വിശാലമാക്കപ്പെട്ടു. നെല്ലിക്കുന്നിൽ ഒരു നമ്പൂതിരിയുടെ കൈവശമിരുന്ന ഭൂമി അന്ന് വാങ്ങി 1906-ൽ അവിടെ ഒരു കെട്ടിടം പണിതു. അത് ദൈവിക വിശ്വസ്തതയുടെ സ്മാരകമായി ഇന്നും അവിടെയുണ്ട്- വിശാലമായ കാമ്പസിൽ ഇതര സൗധങ്ങളോടൊപ്പം തലയെടുപ്പ് ഒട്ടും കുറയാതെ.

**വളർച്ചയുടെ നാൾവഴികൾ**

ഒന്നാം ലോകമഹായുദ്ധകാലത്ത് മിഷണറി നാഗൽ ജർമ്മനിയിലേക്ക് മടങ്ങി; പിന്നീട് തിരിച്ചു വന്നില്ല. 1921-ൽ 54-ാം വയസ്സിൽ അദ്ദേഹം തന്റെ നിത്യഭവനത്തിലേക്ക് യാത്രയായി. അതിനു ശേഷം മിസിസ്സ് നാഗലാണ് (Harriet Mitchell) ഇതിന്റെ പ്രവർത്തനം തുടർന്നത്. അനേക കുരുന്നു പെൺകുട്ടികൾക്കായി ജീവിതം സമർപ്പിച്ച ആ മഹൽ വനിതയും അവരുടെ രണ്ടു മക്കളും ഈ മണ്ണിൽ അന്ത്യവിശ്രമം കൊള്ളുന്നു.

പിന്നീട് ഈ വലിയ വേലയുടെ ഭാരവും നോവും ഏറ്റെടുക്കാനായി ചില ധീരവനിതകൾ സന്തോഷത്തോടെ തയ്യാറായി. അങ്ങനെ മിസ് സൺഗ്രനും (Sundgren) മിസ് വാലസ്സുമായിരുന്നു (Wallace) പിന്നീട് ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയത്. അങ്ങനെ അവരും 'നോവറിഞ്ഞ്' അമ്മമാരായി; തങ്ങളുടെ ജീവിതം നിരവധി കുരുന്നുകൾക്ക് ആലംബമായി. (ജെ.എം. ഡേവീസ് സായിപ്പും കുറെ നാൾ ഇവിടെ താമസിച്ച് ഈ പ്രവർത്തനത്തിന് സഹായമായിട്ടുണ്ട്). എല്ലാവരാലും തള്ളപ്പെട്ട പെൺകുഞ്ഞുങ്ങൾക്ക് രഹബോത്ത് അഭയവും അത്താണിയുമായി. രഹബോത്ത് അവർക്കു വീടായി;



രഹബോത്ത് ഗേൾസ് എൽ.പി.സ്കൂൾ

അതിന്റെ വിശാലമായ പൂമുഖത്ത് അവർ തങ്ങളുടെ സ്വകാര്യ ദുഃഖങ്ങളെല്ലാം മറന്ന് ഓടിക്കളിച്ചു. പെറ്റമ്മ മറന്നാലും മറക്കാത്ത ദൈവസ്നേഹത്തിന്റെ ആഴം അവർ മനസ്സിലാക്കി.

**ഇന്ന് എങ്ങനെ...?**

മിസ് ഫിലിസ് നവൊമി ട്രഷർ (P.N. Treasure) കേരളത്തിൽ എത്തിയത് 1957-ലാണ്. കാലം കലകൾ വീഴ്ത്തിയ ആ മുഖത്ത് സംതൃപ്തിയും സമാധാനവും വിളങ്ങി നിൽക്കുന്നു. ആ കൈകളിൽ ഇന്നും കുരുന്നു പെൺകുഞ്ഞുങ്ങൾ ആശ്വാസം കണ്ടെത്തുന്നു (ഒരു കൊച്ചു കുട്ടി ഓടിവന്ന് അവരെ ആലിംഗനം ചെയ്യുന്നത് ഞങ്ങൾ കണ്ടു. മമ്മി അവളെ തലോടിക്കൊണ്ടിരുന്നു. അവൾ നന്നെ കരയുന്നുണ്ടായിരുന്നു. മമ്മി അവളുടെ കണ്ണീരൊപ്പി; എന്തോ പറഞ്ഞു. അവൾ അവളുടെ അമ്മയെ കണ്ടെത്തിക്കഴിഞ്ഞിരുന്നു.)



1906 -ൽ പണിത ആദ്യകെട്ടിടം; പിന്നിൽ പുതിയത്

ചില വർഷങ്ങളിൽ 200-ഓളം കുട്ടികൾ ഉണ്ടായിരുന്നു; ഇപ്പോൾ ഈ സ്ഥാപനം 150-ൽ പരം കുട്ടികൾക്ക് അഭയമേകുന്നു. കഴിഞ്ഞ വർഷം കേരളത്തിൽ അനാഥാലയങ്ങളെ ചുറ്റിപ്പറ്റി ചില സംവാദങ്ങളും അതേതുടർന്ന് തുടരന്വേഷണങ്ങളും ഉണ്ടായി. അന്നു മുതൽ അനാഥാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ സൂക്ഷ്മനിരീക്ഷണത്തിലായി. അതോടെ നിയമങ്ങൾ കൂടുതൽ കർക്കശമാക്കപ്പെട്ടു. എന്നാൽ ഗവൺമെന്റിന്റെ എല്ലാ നിയമങ്ങളും നിർദ്ദേശങ്ങളും പാലിച്ചു മുന്നോട്ടു പോകുന്ന രഹബോത്തിന് ഒരു പ്രശ്നവും നേരിടേണ്ടി വന്നില്ല. കുറഞ്ഞത് സർക്കാരിന്റെ അഞ്ചു ഡിപ്പാർട്ടുമെന്റുകളുടെ നിരന്തര നിരീക്ഷണത്തിലാണ് സ്ഥാപനം എപ്പോഴും: സോഷ്യൽ വെൽഫെയർ, ചൈൽഡ് വെൽഫെയർ, വുമൺ വെൽഫെയർ, ക്രൈംബ്രാഞ്ച്, വിജിലൻസ്. ഓരോ മാസവും ഇവരുടെ പരിശോധനകളുമുണ്ട്. അധികാരികളുടെ ഭാഗത്തു നിന്ന് നല്ല സഹകരണമാണ് ഇന്നും ലഭിക്കുന്നത്. ഗവൺമെന്റിൽ നിന്നും ഒരു ഗ്രാന്റുമില്ലാതെയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. സ്വർഗ്ഗത്തിൽ നിന്നുള്ള ഗ്രാന്റു മാത്രം!

**ഇവരുടെ ഭാവി എന്താകും...?**



18 വയസ്സു കഴിഞ്ഞാൽ നിയമപ്രകാരം കുട്ടികളെ പിന്നെ ഇവിടെ നിർത്താനാവില്ല. പഠനത്തിനു മികവു തെളിയിക്കുന്നവരെ അവരുടെ അഭിരുചിക്കൊത്തവണ്ണം ഉപരിപഠനത്തിനായി അയയ്ക്കുന്നു. ഇപ്പോൾ ഫാർമസിയിൽ ഡോക്ട്രേറ്റ് ചെയ്യുന്ന ഒരു കുട്ടിയുണ്ട്, മറ്റു ചിലർ എൻജിനീയറിംഗ്, ബി.എസ്സി. നഴ്സിംഗ്, എൽ.എൽ.ബി., ബി.എഡ്. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്കു പഠിക്കുന്നു. ചിലർ തയ്യൽ പരിശീലനം നേടുന്നു. വിവാഹ പ്രായമാകുമ്പോൾ അവരെ വിവാഹം കഴിപ്പിച്ച് അയക്കുവാൻ രഹബോത്ത് മുൻകൈയെടുക്കുന്നു. ഏറെ പേരും സുവിശേഷകന്മാരുടെ ഭാര്യമാരായി ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ


ഗ്രാഡുവേഷൻ : ആർ.റ്റി.ഐ. കഴിഞ്ഞ ബാച്ചിലെ വിദ്യാർത്ഥികളും അധ്യാപകരും മിസ്. ട്രഷറോടൊപ്പം


നാഗലും കുടുംബവും


കുന്നംകുളത്തെ നാഗലിന്റെ വീട്; ഇൻസെറ്റിൽ നാഗൽ

കർത്തൃവേലയിലായിരിക്കുന്നു എന്നത് ഈ സ്ഥാപനത്തിന് എന്നും ഒരു അഭിമാനമാണ്. പ്രസവ ശുശ്രൂഷയ്ക്കും ഇവർ രഹബോത്തിലേയ്ക്കാണ് വരുന്നത്. അതും രഹബോത്ത്ചുമതലയായി ഏറ്റെടുത്തു ചെയ്യുന്നു.

**സാമ്പത്തിക കാര്യങ്ങൾ**

ദൈവമക്കളുടെ ഔദാര്യ ദാനങ്ങൾ തന്നെയാണ് പിൻബലം. ഉപരി പഠനത്തിനായി അയച്ചിരിക്കുന്ന കുഞ്ഞുങ്ങളുടെ ചെലവ് വളരെയേറെയാണ്. എങ്കിലും സ്വർഗ്ഗത്തിലെ പിതാവ് അതെല്ലാം അറിയുന്നു. "മേഘങ്ങളിൽ നിന്ന് ആഹാരവും ഒഴിഞ്ഞ പണസഞ്ചിയിൽ നിന്ന് പണവും നൽകുന്നവനാണ് ആ പിതാവ്. This is the art of God alone; He makes all things out of nothing and He does it daily" ആത്മവിശ്വാസം തുളുമ്പുന്നതായിരുന്നു മിസ് ട്രഷറിന്റെ വാക്കുകൾ. അവർ കുഞ്ഞുങ്ങളോട് എന്നും പറയും: "Keep your eyes on God alone; He will lead you."

ഇവിടെ നിന്നു പുറത്തുപോയി ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ജീവിതം കരുപ്പിടിപ്പിച്ചവർ ഈ സ്ഥാപനത്തെ ഓർക്കുകയും സഹായിക്കുകയും ചെയ്യുന്നുണ്ട്.

**ഇതര സ്ഥാപനങ്ങൾ**

രഹബോത്ത് ഓർഫനേജിനു കീഴിൽ മറ്റ് നിരവധി അനുബന്ധ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. നൂറുവർഷത്തിലധികമായ രഹബോത്ത് ഗേൾസ് എൽ.പി.സ്കൂൾ (R.G.L.P.S.) അതിൽ പ്രഥമ സ്ഥാനത്തു നിൽക്കുന്നു.

2002-ൽ ആരംഭിച്ച രഹബോത്ത് തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഭാരതത്തിലെ തന്നെ മികച്ച ബൈബിൾ കോളേജുകളിലൊന്നാണ്. ബി.റ്റി.എച്ച്;എം.ഡിവ്. കോഴ്സുകളിലായി ഇപ്പോൾ 75-ൽ പരം കുട്ടികൾ പഠിച്ചുവരുന്നു. കുട്ടികളുടെ പഠന സൗകര്യത്തിനായി മികച്ച ഒരു ഗ്രന്ഥ ശേഖരം ഇൻസ്റ്റിറ്റ്യൂട്ടിനുള്ളിൽ പ്രവർത്തിക്കുന്നുണ്ട്.

സി.ബി.എസ്സ്.സി. സിലബസ്സിൽ എൽ.കെ.ജി. മുതൽ ഏഴാം ക്ലാസ്സു വരെയുള്ള രഹബോത്ത് ഇന്റർനാഷണൽ സ്കൂൾ ഈ കോമ്പൗണ്ടിലെ മറ്റൊരു പ്രധാന സ്ഥാപനമാണ്. ഇപ്പോൾ 300 കുട്ടികൾ ഇവിടെ പഠിക്കുന്നു. നമ്മുടെയിടയിൽ മികച്ച പഠന നിലവാരമുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്കൂളായി ഇതിനെ ഉയർത്തുക എന്നതാണ് ഞങ്ങളുടെ ദർശനം എന്ന് സ്കൂൾ അഡ്മിനിസ്ട്രേറ്റർ ബ്രദർ ജിജു നൈനാൻ പറഞ്ഞു.

വിശ്രമ ജീവിതം നയിക്കുന്നവർക്കു ശാന്തമായ അന്തരീക്ഷത്തിൽ അവരുടെ വാർദ്ധക്യനാളുകൾ ചെലവഴിക്കുന്നതിനുള്ള സൗകര്യവുമായി പുതിയതായി ആരംഭിച്ച ഒരു ശുശ്രൂഷയാണ് റിട്ടയർമെന്റ് ഹോംസ്. അതിന്റെ സാധ്യതകളെപ്പറ്റി പഠിച്ചു വരുന്നതേയുള്ളു എന്ന് ബ്രദർ ജിജു പറഞ്ഞു. അശരണരായ പ്രായം ചെന്നവരെ സഹായിക്കുക എന്നത് ട്രസ്റ്റിന്റെ ഒരു പ്രധാന ദർശനമാകയാൽ അങ്ങനെയുള്ളവർക്കു വേണ്ടുന്ന താമസസൗകര്യവും മറ്റു ക്രമീകരണങ്ങളും ഉള്ളതായി അദ്ദേഹം പറഞ്ഞു. രഹബോത്ത് സൺഗ്രൻ മെമ്മോറിയൽ ഹോമിന്റെ ശുശ്രൂഷകളും അനുഗ്രഹമായി തുടരുന്നു,

ഇതെല്ലാം കൂടാതെ ഇരിങ്ങാലക്കുടയിലെ "ബഥേസ്ദാ ബോയിസ് ഹോം" ഇപ്പോൾ രഹബോത്ത് ഓർഫനേജ് ട്രസ്റ്റിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനത്തിനും ഒരു നൂറ്റാണ്ടിന്റെ ചരിത്രമുള്ളതാണ്.

ഈ കോമ്പൗണ്ടിനുള്ളിൽ തന്നെ രഹബോത്ത് ഗേൾസ് ഓർഫനേജ് ട്രസ്റ്റിനു കീഴിൽ ഒരു മെഡിക്കൽ ക്ലിനിക് ആരംഭിക്കുവാൻ പദ്ധതിയുണ്ട്. സമർപ്പണമുള്ള പ്രവർത്തകർ വരുമ്പോൾ ആ സ്വപ്നം സഫലമാകുമെന്ന് മിസ് ട്രഷറിനു ആത്മവിശ്വാസമുണ്ട്. "ഇത് ദൈവത്തിന്റെ വേലയാണ്; തന്റെ സമയത്ത് എല്ലാം നിറവേറും"- കാലം കോറിയിട്ട ജീവിതപാഠങ്ങൾ ഓർമ്മയുടെ താളുകളിൽ തെളിയുന്നത് ആ കണ്ണുകളിലൂടെ ഞങ്ങൾ കണ്ടു.

**അല്പം വീട്ടു കാര്യം**

വിശാലമായ പുരയിടത്തിൽ കന്നുകാലികൾ സ്വതന്ത്രമായി മേഞ്ഞു നടക്കുന്നു. അങ്ങനെ ആവശ്യത്തിനുള്ള പാൽ ഇവിടെ തന്നെ ഉല്പാദിപ്പിക്കുവാൻ കഴിയുന്നു. കൊച്ചു കുഞ്ഞുങ്ങൾക്ക് കൂവപ്പൊടിയുടെ ആവശ്യം വർദ്ധിച്ചപ്പോഴാണ് കൂവകൃഷിയെപ്പറ്റി ചിന്തിച്ചത്. ഇപ്പോൾ ഒരു ഭാഗത്തു മുഴുവൻ കൂവ കൃഷി ചെയ്ത് കലർപ്പില്ലാത്ത കൂവപ്പൊടി ഉൽപ്പാദിപ്പിക്കുന്നു.

ഇവ കൂടാതെ തെങ്ങ്, വാഴ, റബ്ബർ, പ്ലാവ് തുടങ്ങിയവയും കൃഷി ചെയ്തിരിക്കുന്നു. അത്യാവശ്യം പച്ചക്കറി കൃഷിയും ചെയ്യുന്നുണ്ടായിരുന്നു. മഹാഗണി, തേക്ക് തുടങ്ങിയ വൃക്ഷങ്ങളുടെ നീണ്ട നിരയും ഈ വിശാലമായ കോമ്പൗണ്ടിൽ കാണാനാവും. മൂന്നുവശവും റോഡായ ഈ സ്ഥലമത്രയും ഇത്ര മനോഹരമായി സംരക്ഷിക്കുന്നതിനു പിന്നിൽ വളരെ കഠിനാധ്വാനം ആവശ്യമാണെന്നത് തീർച്ച.



ഇന്റർനാഷണൽ സ്കൂളിന്റെ പ്രധാന കെട്ടിടം

**ഇത് അനാഥശാലയോ?**

അനാഥത്വത്തിന്റെ അന്ധാളിപ്പോടെ ഇവിടെ വരുന്ന കുരുന്നു പെൺകുഞ്ഞുങ്ങൾ സനാഥരായാണ് പുറത്തേക്കു പോകുന്നത്. അവർ ഇവിടെ എത്തി ദൈവത്തിന്റെ അനന്തവും അത്ഭുതകരവുമായ വഴികളെ കണ്ടെത്തുന്നു. അവരുടെ ആവശ്യങ്ങളൊക്കെ 'സ്വർഗ്ഗീയ പിതാവ്' അറിഞ്ഞ് അവർക്കു നൽകുന്നു. പിന്നെ അവരുടെ സ്വന്തം മമ്മി അവർക്ക് എന്നും കൂടെയുണ്ട്- വാരിപ്പുണരുവാൻ, മടിയിലിരുത്തി ലാളിക്കുവാൻ, കണ്ണീരൊപ്പുവാൻ, തലോടുവാൻ... പിന്നെ അവരെങ്ങനെ അനാഥരാകും? ഇല്ല, ഇവിടെ അനാഥരായി ആരുമില്ല.

**കൂടുതൽ വിവരങ്ങൾക്ക്:**

Rehoboth Girls' Orphanage,
Thrissur, Kerala- 680 005.
Phone: 9249515899, 0487 2425334

അഭിമുഖം



# ഓരോ ദിവസവും ഒരത്ഭുതം

**(മിസ്. ട്രഷറുമായി ബ്രദർ ഇ.ജെ. പൈലിയുടെ അഭിമുഖം)**

**"ദൈവത്തിങ്കലേക്കു മാത്രം നോക്കുക; അവൻ നിങ്ങളെ നയിക്കും.അവൻ നിങ്ങളെ കൈവിടുകയില്ല തീർച്ച..."**

♦ *ജനനം, ബാല്യം, മാതാപിതാക്കൾ...?*

• ജനനം ന്യൂസിലാന്റിൽ. മാതാപിതാക്കൾ ദൈവഭക്തരായിരുന്നു. ഞങ്ങൾ ആറു സഹോദരങ്ങളായിരുന്നു. ഞാൻ അഞ്ചാമത്തെ അംഗം. ഇപ്പോൾ മൂന്നു പേരുണ്ട്.

♦ *രക്ഷ, സ്നാനം എന്നിവയെപ്പറ്റി...?*

• ബാല്യത്തിൽ തന്നെ രക്ഷിക്കപ്പെട്ടു, സ്നാനപ്പെട്ടു.

♦ *കർത്തൃവേലയ്ക്ക് വേർതിരിയുവാൻ എന്തെങ്കിലും പ്രത്യേക മുഖാന്തരമുണ്ടോ? ആരുടെയെങ്കിലും പ്രേരണ?*

• ചൈനയിൽ പ്രവർത്തനത്തിനു പോയ മിഷണറി വനിതയുടെ അനുഭവങ്ങളടങ്ങിയ ഒരു പുസ്തകം വായിച്ചത് വലിയ ഉൾപ്രേരണയായി. എനിക്ക് സണ്ടേസ്കൂളിൽ സമ്മാനമായി ലഭിച്ചതാണ് ആ ഗ്രന്ഥം. അതിലെ അനുഭവങ്ങൾ എന്റെ ഹൃദയത്തിൽ തട്ടിയെങ്കിലും അതിൽ അവർ വിവരിച്ചിരിക്കുന്നത്ര കഷ്ടത ജീവിതത്തിൽ അനുഭവിക്കാൻ ഞാൻ തയ്യാറല്ലായിരുന്നു. എന്നാൽ കർത്താവ് എന്നോട്, 'നീ എന്നെ സ്നേഹിക്കുന്നുവോ?' എന്നു ചോദിച്ചു. ആ ചോദ്യം എനിക്കൊരു വെല്ലുവിളിയായി. അങ്ങ് ആവശ്യപ്പെടുന്ന എവിടേയ്ക്കും പോകുവാൻ ഞാൻ തയ്യാറാണെന്ന് കർത്താവിനോട് ഞാൻ സമ്മതിച്ചു. പഠന ശേഷം അധ്യാപികയായി ജോലി ചെയ്തു വന്നു എങ്കിലും ദൈവവിളിക്കായി കാതോർത്തിരുന്നു.

അക്കാലത്ത് മിസ് വാലസ് ഇന്ത്യയിൽ നിന്നു മടങ്ങിയെത്തി, തനിക്ക് ഒരു സഹപ്രവർത്തകയെ ആവശ്യമുണ്ടെന്നു പറഞ്ഞു. ചില നാളുകൾക്കു ശേഷം മിസ് വാലസിന്റെ ഒരു കത്ത് സഭയിലെ സഹോദരിമാർക്കു ലഭിച്ചു. അതിൽ, ന്യൂസിലാന്റു മുഴുവൻ അന്വേഷിച്ചെങ്കിലും ഒരാളെ ലഭിച്ചില്ലെന്നും പ്രാർത്ഥിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു. ഏതാണ്ട് ഒരു വർഷത്തിനുശേഷം ഇതേ ആവശ്യം അറിയിച്ചു കൊണ്ട് മിസ് വാലസിന്റെ ഒരു കുറിപ്പ് ഒരു പത്രികയിൽ കണ്ടു. ഈ മൂന്നാം തവണ പിന്നീടൊന്നും ചിന്തിക്കാതെ ഇത് ദൈവവിളിയുടെ ഉറപ്പായി കണ്ട് നാടും വീടും വിട്ട് ഇന്ത്യയിലേക്ക് പോന്നു.

♦ *ആദ്യമായി ഇന്ത്യയിലേക്ക് വന്നത് എന്നായിരുന്നു?*

• 1957-ൽ.

♦ *ഇത്ര വലിയ പ്രസ്ഥാനം നടത്തുമ്പോൾ നിരവധി പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടാവുമല്ലോ. അവയൊക്കെ എങ്ങനെ തരണം ചെയ്തു?*

• ഈ പ്രസ്ഥാനം നടത്തുന്നതു ഞാനല്ല. ഇതിന്റെ നടത്തിപ്പുകാരൻ (ആംഗ്യം കാട്ടി) സ്വർഗ്ഗത്തിലെ അപ്പച്ചനാണ്. അതിനാൽ പ്രശ്നങ്ങളൊന്നും എനിക്ക് നേരിടേണ്ടി വന്നിട്ടില്ല; എല്ലാം അങ്ങ് നടത്തിക്കൊള്ളും.

♦ *ഇപ്പോൾ പൂർണ്ണ തൃപ്തയാണോ?*

• അതെ, ലോകത്തെമ്പാടും സന്തോഷവതികളായി പുലരുന്ന എന്റെ കുഞ്ഞുങ്ങളെ ഓർക്കുമ്പോൾ... അതിൽ പലരും കർത്തൃശുശ്രൂഷയിലാണ് എന്നത് ഏറെ തൃപ്തി നൽകുന്നു. ഇത്രയും വലിയ ഒരു ശുശ്രൂഷ ദൈവം എനിക്കു നൽകിയതിനാൽ ഞാൻ എന്നും ദൈവത്തോട് നന്ദിയുള്ളവളാണ്.

♦ *ഇന്ത്യ വിട്ട് ന്യൂസിലാന്റിലേക്ക് മടങ്ങണമെന്ന് എന്നെങ്കിലും ആഗ്രഹിച്ചിട്ടുണ്ടോ? ഇപ്പോൾ അതേപ്പറ്റി ചിന്തിക്കുന്നുണ്ടോ?*

• ഒരിക്കലും ചിന്തിച്ചിട്ടില്ല. ഇവിടെ ഇത്രയും നാൾ ജീവിച്ചു; ഇവിടെത്തന്നെ ജീവിതം അവസാനിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. (കണ്ണുകളടച്ച് തലകുനിച്ച്) പിന്നെ എല്ലാം അവിടുത്തെ ഇഷ്ടം.

♦ *ഭാവിയിൽ എന്തെങ്കിലും പുതിയ സംരംഭം ഈ പ്രസ്ഥാനത്തോട് ചേർന്നു ചിന്തിച്ചിട്ടുണ്ടോ?*

• (ബ്രദർ ജിജുവിനെ നോക്കിയിട്ട്) ഒരു മെഡിക്കൽ ക്ലിനിക് ആരംഭിക്കണമെന്നുണ്ട്. എന്നാൽ ഇന്നും അതൊരു സ്വപ്നം മാത്രം- സമയമാകുമ്പോൾ ആ സ്വപ്നം സഫലമാകും.

♦ *സഭാശുശ്രൂഷകളിൽ സ്ത്രീകളുടെ പങ്കിനെപ്പറ്റി അഭിപ്രായം പറയാമോ?*

• സ്ഥലം സഭ അനുവദിക്കുന്ന ശുശ്രൂഷ സഭയിൽ സഹോദരിമാർക്കു ചെയ്യാം. സണ്ടേസ്കൂളിൽ പഠിപ്പിക്കയോ സഹോദരിമാരുടെ യോഗങ്ങളിൽ ക്ലാസ്സുകളെടുക്കയോ ആകാം. സഹോദരിമാർ വചനാനുസരണം സഭാ ശുശ്രൂഷകളിൽ വർദ്ധിച്ചു വരണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ മൂപ്പന്മാരുടെ നിയന്ത്രണത്തിൻ കീഴിൽ മാത്രം. അതായത്, അവരുടെ പൂർണ്ണ അനുവാദമുണ്ടെങ്കിൽ മാത്രം. അവർ അനുവദിക്കുന്നില്ലെങ്കിൽ വേണ്ട- അത്രതന്നെ. സ്ത്രീകൾ എപ്പോഴും കീഴടങ്ങിയിരിക്കേണ്ടതാണല്ലോ.

♦ *മിസ്സി എന്തൊക്കെ ശുശ്രൂഷകൾ ചെയ്യുന്നു?*

• കുട്ടികളെ വേദപാഠങ്ങൾ പഠിപ്പിക്കുന്നുണ്ട്. സ്ത്രീകളുടെ സമ്മേളനങ്ങളിൽ ശുശ്രൂഷിക്കാറുണ്ട്. കൂടാതെ കോളേജുകളിലും മറ്റും പോയി കുട്ടികൾക്ക് ക്ലാസ്സുകൾ എടുത്തിട്ടുണ്ട്.

♦ *സുവിശേഷധ്വനി വായനക്കാരുടെ ആത്മിക വർദ്ധനയ്ക്കായി വിശ്വാസജീവിതത്തിൽ നിന്ന് ചില അനുഭവങ്ങൾ പങ്കു വയ്ക്കാമോ?*

• "Every day is a miracle" (ഓരോ ദിവസവും ഒരു അത്ഭുതം തന്നെയാണ്.) പലപ്പോഴും ദിവസാരംഭത്തിൽ അക്കൗണ്ട് പൂജ്യമായിരിക്കും. രാത്രിയിൽ അക്കൗണ്ട് ക്ലോസ്സ് ചെയ്യുമ്പോഴും പൂജ്യം തന്നെ! എന്നാൽ ഇതിനു മധ്യത്തിൽ വരവുമുണ്ട്, ചെലവുമുണ്ട്. ഇതാണ് ഞങ്ങളുടെ അനുഭവം.

ഒരു മാതാവ് ആകുലപ്പെട്ടാൽ മക്കൾ അതു കണ്ട് ഏറെ വ്യാകുലപ്പെടും. മാതാവ് വിശ്വാസത്താൽ അതെല്ലാം നേരിട്ടാൽ... കുഞ്ഞുങ്ങളും ആ പാത പിൻ തുടരും- ഞാനും ഒരു മാതാവത്രേ.

എന്റെ അമ്മയും ഞങ്ങൾക്ക് ഒരു മാതൃകയായിരുന്നു. ദൈവത്തിൽ മാത്രം ആശ്രയിക്കുവാൻ എന്റെ അമ്മയാണ് എന്നെ പഠിപ്പിച്ചത്. അത് അവരുടെ ജീവിതത്തിലൂടെ എനിക്കു കാണിച്ചു തന്നു.

♦ *ഒരു പിൻഗാമിയെക്കുറിച്ചു ചിന്തിക്കുന്നുണ്ടോ?*

• ഞാൻ ഒരു ദാസി മാത്രമാണ്. ദാസിക്ക് മറ്റൊരു ദാസിയെ ആക്കുവാൻ അവകാശമില്ല. അതെല്ലാം യജമാനന്റെ അധികാരപരിധിയിൽപ്പെടുന്ന കാര്യമാണ്.



♦ *ഇതു വായിക്കുന്ന ലോകമെമ്പാടുമുള്ള മലയാളി സഹോദരിമാരോട് മിസ്സിക്ക് എന്തുപദേശമാണ് നൽകാനുള്ളത്?*

• ദൈവത്തിങ്കലേക്കു മാത്രം നോക്കുക; അവൻ നിങ്ങളെ നയിക്കും. മനുഷ്യരിലേക്കു നോക്കിയാൽ നിങ്ങൾ നിരാശരാകും; സാഹചര്യങ്ങളെ നോക്കിയാൽ നിങ്ങൾ തളർന്നു പോകും. ആകയാൽ ദൈവമുഖത്തേക്കു മാത്രം നോക്കുക; അവൻ നിങ്ങളെ കൈവിടുകയില്ല തീർച്ച.

കാലികം

# ഗോവധം വചനവെളിച്ചത്തിൽ

എം.ആർ. ഷൈജു, ചാലക്കുടി

സമീപകാലത്ത് മാധ്യമങ്ങളിൽ അനൽപ്പമായി ചർച്ചചെയ്യപ്പെട്ടതാണ് ഗോവധവും നിരോധനവും. അനുകൂലിച്ചും പ്രതികൂലിച്ചും വാദമുഖങ്ങൾ വളരെയുണ്ട്. ഭാരതത്തിൽ, അസം, ബീഹാർ, ദമൻ-ദിയു, ഡൽഹി, ഗോവ, ഗുജറാത്ത്, ഹരിയാന, ഹിമാചൽപ്രദേശ്, കാശ്മീർ, പഞ്ചാബ്, ഒഡീഷ, ഉത്തർപ്രദേശ്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ പശുക്കളെയും പശുകിടാക്കളെയും കൊല്ലുന്നതിന് നിലവിൽ നിരോധനമുണ്ട്. ചിലയിടങ്ങളിൽ ഈ നിരോധനം കാളകൾക്കും ബാധകമാണ്. രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചതോടെ മഹാരാഷ്ട്രയിലും ഗോവധ നിരോധനം നിലവിൽ വന്നു. ഡൽഹിയിലാണെങ്കിൽ എരുമയേയും പോത്തിനെയും കൊല്ലുന്നതിന് നിലവിൽ നിരോധനമില്ല. മണിപ്പൂരിൽ ഗോവധ നിയന്ത്രണമാണ് നിലവിലുള്ളത്. ബീഹാർ, ബംഗാൾ പോലെയുള്ള സംസ്ഥാനങ്ങളിൽ മൂരിയെയും നിലമുഴുന്നതിനും വണ്ടിവലിക്കുന്നതിനും സാധിക്കാത്ത കാളകളെയും കൊല്ലുന്നതിന് തടസ്സമില്ല (മലയാള മനോരമ 2015 മാർച്ച് 12). കേന്ദ്രനയത്തിനെതിരെ ഇടതുപക്ഷ യുവജന സംഘടനകൾ 'ബീഫ് മേള' സംഘടിപ്പിച്ചതും ചൂടുള്ള വാർത്തയായിരുന്നു. പല സംസ്ഥാനങ്ങളിലും ആറുമാസം മുതൽ അഞ്ചുവർഷം വരെ തടവും ആയിരം മുതൽ പതിനായിരം രൂപ വരെ പിഴയുമാണ് നിയമലംഘികൾക്കുള്ള ശിക്ഷ. കാശ്മീരിലാണെങ്കിൽ പത്തുവർഷം തടവും കൊല്ലപ്പെട്ട മൃഗത്തിന്റെ മൊത്തം വിലയുടെ അഞ്ചിരട്ടി പിഴയുമെന്ന കഠിനശിക്ഷയാണ് നിലവിലുള്ളത്.

ഗോവധത്തെക്കുറിച്ച് വചനവെളിച്ചത്തിൽ വിലയിരുത്തുകയാണല്ലോ ഈ ലേഖനദ്വാരാ ഉദ്ദേശിക്കുന്നത്. പശുക്കളെയും പശുക്കിടാക്കളെയും യാഗത്തിന് ഉപയോഗിച്ചിരുന്നതായി വചനം സാക്ഷ്യപ്പെടുത്തുന്നു (1 ശമു. 6:14, 16:2). പാപയാഗത്തെക്കുറിച്ച് പരാമർശിക്കുന്നിടത്ത് ഊനമില്ലാത്തതും നുകം വയ്ക്കാത്തതുമായൊരു ചുവന്ന പശുക്കിടാവിനെ (Red heifer) അറുക്കണമെന്നും വായിക്കുന്നു (സംഖ്യ 19:1-3). ഹോമയാഗമൃഗത്തെക്കുറിച്ച് പറയുന്നിടത്ത് കാളക്കുട്ടിയെയും (Young bull) അതിനെ അറുക്കുന്നതിനെക്കുറിച്ചും കാണുന്നു (ലേവ്യ 1:5). യാഗാർത്ഥം എണ്ണമറ്റ ഗോക്കളെ അറുത്തിരുന്നതായി ന്യായമായിട്ടും ചിന്തിക്കാവുന്നതാണ്. ആലയ പ്രതിഷ്ഠാവേളയിൽ തന്നെ ശലോമോൻ ഇരുപത്തിരായിരം കാളകളെ അർപ്പിച്ചതായി കാണാം (1 രാജാ. 8:63).

പശു, എരുമ, പോത്ത് മുതലായവയുടെ മാംസം ആഹാരത്തിനായും അനേകർ ഉപയോഗിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ഇന്ത്യാ ഗവൺമെന്റിന്റെ കണക്കനുസരിച്ച് ബീഫ് കയറ്റുമതിയിൽ ബ്രസീൽ കഴിഞ്ഞാൽ അടുത്ത സ്ഥാനം നമ്മുടെ നാടിനാണ്. പരാമർശിക്കപ്പെട്ട മൃഗങ്ങളുടെ മാംസത്തെക്കുറിച്ച് ഡോക്ടർമാർക്കിടയിലെ അഭിപ്രായ വൈരുദ്ധ്യം ചിന്തനീയമാണ്. ദിവസം ശരാശരി അമ്പത് ഗ്രാം ബീഫ് പോലും തുടർച്ചയായി കഴിച്ചാൽ ആറുമുതൽ പത്തുവരെ മാരകരോഗങ്ങൾക്ക് സാധ്യതയുണ്ടെന്ന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല വൈസ്ചാൻസലറായ ഡോ. ബി. അശോക് അഭിപ്രായപ്പെടുന്നു (മലയാള മനോരമ 2015 മാർച്ച് 15). പുകവലിയെക്കാളും മദ്യപാനത്തെക്കാളും അപകടകാരിയാണിതെന്നാണ് തന്റെ മതം. എന്നാൽ മണ്ണുത്തി വെറ്ററിനറി കോളേജ് മീറ്റ് ടെക്നോളജി സെന്റർ ഓഫ് എക്സലൻസ് റിട്ടയേർഡ് ഡയറക്ടറായ ഡോ. ജെ. ഏബ്രഹാം പറയുന്നത്, 'അമേരിക്ക, ബ്രസീൽ മുതലായ രാജ്യങ്ങളിലെ ജനങ്ങൾ പ്രതിവർഷം അൻപത്തിയാറ് കിലോ വരെ മാട്ടിറച്ചി ഓരോരുത്തരും കഴിക്കുന്നവരാണ്. അവർ പൊതുവെ അരോഗദൃഢഗാത്രരും മാരകരോഗങ്ങളിൽ നിന്ന് ഒഴിവുള്ളവരുമാകുന്നു' (മലയാള മനോരമ 2015 മാർച്ച് 23). പല ആരോഗ്യപ്രശ്നങ്ങളും പരിഹരിക്കാൻ മാട്ടിറച്ചിയിലെ പോഷകങ്ങൾ സഹായിക്കുമെന്നും അദ്ദേഹം സമർത്ഥിക്കുന്നു.

മനുഷ്യജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതാണല്ലോ ഭക്ഷണം. മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ദൈവം അവന് നൽകിയത് സസ്യാഹാരമായിരുന്നു. "ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വിത്തുള്ള ഫലം കായിക്കുന്ന സകലവൃക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു. അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ" (ഉല്പ. 1:29). പാപത്തിൽ പതിച്ചതോടെ ആഹാരത്തിനുവേണ്ടി കഠിനവേല ചെയ്യേണ്ടിവന്നു മനുഷ്യന് (ഉല്പ. 3:17-19). സദ്ഗുണസമ്പന്നനായ സർവ്വേശ്വരൻ ജലപ്രളയത്തിനുശേഷവും വിതയും കൊയ്ത്തും നിന്നുപോകയില്ലെന്നും വാഗ്ദത്തം നല്കി (ഉല്പ. 8:22). മാംസാഹാരം കഴിപ്പാൻ മനുഷ്യന് അനുവാദം ലഭിച്ചത് ജലപ്രളയത്തിനുശേഷമായിരുന്നു. എന്നാൽ രക്തത്തോടുകൂടെ മാംസം ഭക്ഷിപ്പാൻ അനുവാദം ഉണ്ടായിരുന്നില്ല (ഉല്പ. 9: 3,4). പിതാക്കന്മാരുടെ കാലത്ത് അപ്പവും പാലുല്പന്നങ്ങളും തേനും വെള്ളവുമായിരുന്നു പ്രധാന ഭക്ഷണപദാർത്ഥങ്ങൾ (ഉല്പ. 18:6-8, ആവ. 32:13, 1 രാജാ. 17:10). കാള പോലെയുള്ള മൃഗങ്ങളെയും ഭക്ഷണത്തിനായി ഉപയോഗിച്ചിരുന്നു. ന്യായപ്രമാണപ്രകാരം കാളയെ ഭക്ഷിപ്പാൻ അനുവാദമുണ്ടായിരുന്നു (ആവ. 14:3,4). "പശുകൂട്ടത്തിൽ ഓടിച്ചെന്ന് ഇളയതും നല്ലതുമായൊരു കാളക്കുട്ടിയെ" പിടിച്ച് അറുത്ത് പാകം ചെയ്തായിരുന്നു പൂർവ്വപിതാവായ അബ്രഹാം തന്റെയടുക്കൽ വന്ന പുരുഷന്മാരെ സൽക്കരിച്ചത് (ഉല്പ. 18:7,8). ലൂക്കോസ് സുവിശേഷത്തിൽ സ്നേഹനിധിയായ പിതാവ് ഇളയപുത്രൻ മടങ്ങിവന്നപ്പോൾ അവനുവേണ്ടി 'തടിപ്പിച്ച കാളക്കുട്ടിയെ' അറുത്ത സംഭവം ക്രിസ്തു വിവരിക്കുന്നു (15: 23). കർത്താവ് മൊഴിഞ്ഞ മറ്റൊരുപമയിൽ രാജാവ് കല്യാണ സദ്യയ്ക്കായി ഒരുക്കിയത് കാളകളെയും തടിപ്പിച്ച മൃഗങ്ങളെയും അറുത്തിട്ടായിരുന്നു (മത്താ. 22:4). ജാതിമതഭേദമെന്യേ മനുഷ്യന്റെ നിത്യാഹാരത്തിന്റെ ഭാഗമായി മാംസാഹാരം മാറിയിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. രക്ഷിക്കപ്പെട്ട ദൈവമക്കളോടുള്ള ബന്ധത്തിൽ ഇമ്മാതിരിയുള്ള ആഹാരം അനുവദനീയമാണോ എന്നു ചോദിച്ചാൽ വചനം അതിനെ വിലക്കുന്നില്ല എന്നതാണ് ഉത്തരം. ഒന്നാം നൂറ്റാണ്ടിലെ യെരുശലേം കൗൺസിലിൽ (A.D. 50) ആധ്യക്ഷം വഹിച്ച യാക്കോബ്

> **"പശുകൂട്ടത്തിൽ ഓടിച്ചെന്ന് ഇളയതും നല്ലതുമായൊരു കാളക്കുട്ടിയെ" പിടിച്ച് അറുത്ത് പാകം ചെയ്തായിരുന്നു പൂർവ്വപിതാവായ അബ്രഹാം തന്റെയടുക്കൽ വന്ന പുരുഷന്മാരെ സൽക്കരിച്ചത്.**

> **രക്ഷിക്കപ്പെട്ട ദൈവമക്കളോടുള്ള ബന്ധത്തിൽ ഇമ്മാതിരിയുള്ള ആഹാരം അനുവദനീയമാണോ എന്നു ചോദിച്ചാൽ വചനം അതിനെ വിലക്കുന്നില്ല എന്നതാണ് ഉത്തരം.**

➤ ➤

# മഹത്വത്തിൽ



**പെരുമ്പാവൂർ:** അല്ലപ്ര ഗ്രേസ് കോട്ടേജിൽ (വടക്കൻ) **സൂസന്ന ആൻഡ്രൂസ് (86)** മെയ് 23-ന് കർത്താവിന്റെ സന്നിധിയിലേക്കു ചേർക്കപ്പെട്ടു. മെയ് 28-ന് പെരുമ്പാവൂർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിച്ചാലും.



**കോയിപ്രം:** മട്ടയ്ക്കൽ പരേതനായ പി.വി. വർഗീസിന്റെ സഹധർമ്മിണി **ശോശാമ്മ വർഗീസ്** മെയ് 30-ന് പ്രത്യാശയുടെ തീരത്തേക്കു ചേർക്കപ്പെട്ടു. ഭൗതിക ശരീരം ജൂൺ 3-ന് സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**കണ്ണൂർ:** ഉളിക്കൽ എരുത്തുകടവ് തൊമ്മിക്കാട്ടിൽ ജോൺ വർഗീസിന്റെ മകൾ **ഷെറിൻ (15)** മെയ് 28-ന് മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം എരുത്തുകടവ് ബ്രദറൺ സഭാസെമിത്തേരിയിൽ മെയ് 30-ന് സംസ്കരിച്ചു. ദുഃഖത്തിൽ കഴിയുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.



**റാന്നി:** വെച്ചൂച്ചിറ ബ്രദറൺ സഭാംഗമായ **മത്തായി വർഗീസ് (75)** മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. മെയ് 30-ന് സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ വഹിച്ചാലും.



**കുളത്തൂപ്പുഴ:** തെക്കേകാലായിൽ **ദിപിൻ എം. ജോർജ്ജ്** ദുബായിൽ വച്ച് മഹത്വത്തിലേക്കു ചേർക്കപ്പെട്ടു. ഭൗതികശരീരം മെയ് 30-ന് കുളത്തൂപ്പുഴ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

# ബൈബിൾ ക്വിസ് -79

## 2 ദിനവൃത്താന്തം

1. നാലു ലക്ഷത്തിനെതിരെ എട്ടുലക്ഷം ശ്രേഷ്ഠയുദ്ധവീരന്മാരെ അണിനിരത്തിയ രാജാവാര്?
2. ശാലോമോന് കുതിരകളെ കൊണ്ടുവന്നത് എവിടെ നിന്ന്?
3. ശലോമോൻ യഹോവയുടെ ആലയവും അരമനയും പണിതതെത്ര സംവത്സരം കൊണ്ട്?
4. ഗിലെയാദിലെ രാമോത്തിലേക്ക് തന്നോടുകൂടെ ചെല്ലേണ്ടതിന് യെഹോശാഫാത്തിനെ വശീകരിച്ചവൻ ആര്?
5. തന്റെ മകൻ മരിച്ചുപോയി എന്നു കണ്ടിട്ടു രാജസന്തതിയെ ഒക്കെയും നശിപ്പിച്ചവൾ ആര്?
6. ആരുടെ ജഡമാണ് കുതിരപ്പുറത്തുകൊണ്ടുവന്ന് അവന്റെ പിതാക്കന്മാരുടെ അടുക്കൽ അടക്കം ചെയ്തത്?
8. അശേരയ്ക്ക് ഒരു മ്ലേച്ഛ വിഗ്രഹം ഉണ്ടാക്കിയതുകൊണ്ട് തന്റെ അമ്മയെ രാജ്ഞി സ്ഥാനത്തു നിന്ന് നീക്കിക്കളഞ്ഞവൻ ആര്?
9. ശലോമോൻ പണിത മേശകൾ എത്ര?
10. ശലോമോൻ യെരുശലേമിൽ വാണത് എത്രകാലം?

*ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.*

**ബൈബിൾ ക്വിസ് 76 - ശരിയുത്തരങ്ങൾ :** 1. ദാവീദ് ഗാദിനോട് (21:13) 2. യബ്ബേസ് (4:10) 3. ദാവീദ് (17:16) 4. ഒബേദ് - ഏദോമിന്റെ വീട്ടിലേക്ക് (13:13) 5. യോഹാനാൻ (6:10) 6. ദാഗോന്റെ ക്ഷേത്രത്തിൽ (10:10) 7. പ്രാണൻ ഉപേക്ഷിച്ചു പോയവരുടെ രക്തം (11:19) 8. അമാസായി (12:18) 9. ഉസയും അഹ്യോവും (13:7) 10. മീഖൾ (15:29)

**ക്വിസ് 74 - ശരിയുത്തരം അയച്ചവർ :** Jolly Mathew Pathanamthitta, P.V. Elizabeth Peroorkada, Mary George Pazhavangadi, Annamma Samuel Thriperumthura, P.A. Abraham Kariamplavu, Suseela Biju Cheppad, Alice Korah Puthupally, Nicey Renji Cheppad, Kunjunjamma Moses Elanthoor, Philomol K.Varghese South Chittoor, Rachel Manesh Wadakkanchery, Spurjan K.J. Balaramapuram, Mercy Rumees Pazhayannurppadam, P.J. Samuel Edappally, Saramma Thomas Kottayam, K.Prabhakaran Ammanoorkonam, Annamma Alexander Koipuram, Sheena Santhosh Thriperumthura, Ponnamma Raju Sharjah, Darley Samuel Chennai, Jeemon Daniel Mallappally, Jane Mathews Dhoni Palakkad, Mariamma Thomas Kunnanthanam, Annamma Chacko Ranni, Shiji Anil Chirayinkeezhu, P.K. Georgekutty Perumbavoor, C. M. Daniel Kizhakkumpattukara, Rosamma Thomas Thadiyoor, Annamma Baby Ponkunnam, Mary Poulose Angamaly, O. Thomas Vappala- Cheppra, Jessy Monsan Kariamplavu, Suseela J. Ammanoorkonam, Elsy Peter Thrissur, Mariamma Thomas Ranni.

നുറുങ്ങു ചിന്ത

# "ആത്മാർത്ഥതയുടെ കൂലി സംതൃപ്തി"

സുനി ജോബി, അങ്കമാലി

**ബന്ധങ്ങൾ വേർപെടുത്തുവാൻ ആയിരക്കണക്കിനു കാരണങ്ങൾ ഉണ്ടായേക്കാം. പക്ഷെ ആ ബന്ധം മുറുകെ പിടിക്കാൻ ഒരു കാരണമെങ്കിലും ഉണ്ടെങ്കിൽ അതു മുറുകെ പിടിക്കുക.**

ഒരിക്കൽ ഒരു മനുഷ്യൻ മരുഭൂമിയിലൂടെ നടന്നു പോകുകയായിരുന്നു. കൊടും വെയിലേറ്റ് തളർന്ന് അയാൾ വീഴാറായി. അപ്പോഴാണ് അല്പം ദൂരെ ഒരു വലിയ മരം നില്ക്കുന്നതു കണ്ടത്. അയാൾ വേഗത്തിൽ ചെന്ന് ആ മരത്തിന്റെ തണലിൽ ഇരുന്നു. ഒരു ദീർഘശ്വാസം വിട്ടിട്ടു പറഞ്ഞു, "ഇതാ ഈ മരം ഇവിടില്ലായിരുന്നെങ്കിൽ ഞാനിവിടെ മരിച്ചു വീണേനെ." കുറെ നേരം വിശ്രമിച്ച ശേഷം അയാൾ എഴുന്നേറ്റു പോകുന്നതിനു മുൻപ് ആ മരത്തിൽ ഒന്നു കൂടി അയാൾ നോക്കി. അപ്പോഴാണയാൾ ശ്രദ്ധിച്ചത് ആ മരത്തിൽ പൂക്കളോ കായോ ഒന്നുമുണ്ടായിരുന്നില്ല എന്ന്. അയാൾക്ക് ആ മരത്തോട് പുച്ഛം തോന്നി. "ശ്ശെ, ഇതെന്തൊരു മരമാ, ഒരു ഗുണവുമില്ല. ഒരു പൂവോ കായോ ഇല്ലാതെ വെറുതെ ഇലകൾ മാത്രം" അയാൾ പറഞ്ഞു. അല്പ സമയം മുൻപ് 'ഈ മരമിവിടെ ഇല്ലായിരുന്നെങ്കിൽ ഞാനിവിടെ മരിച്ചു വീണേനെ' എന്നു പറഞ്ഞ ആൾ തന്നെയാണ് ഇപ്പോൾ ഈ മരത്തെ പുച്ഛിക്കുന്നത്.

ഇതാണ് മനുഷ്യന്റെ സ്വഭാവം, ലഭിച്ച നന്മകൾ വേഗത്തിൽ മറന്നു കളയുന്നു. നാം ദൈവത്തിന്റെ കൃഷിയാണ്. നമ്മിൽ സുഗന്ധം പരത്തുന്ന പൂക്കളോ സ്വാദുള്ള ഫലങ്ങളോ ഉണ്ടായിട്ടല്ല ദൈവം നമ്മെ സ്നേഹിച്ചത്. യജമാനൻ ആഗ്രഹിക്കുന്ന അളവിൽ ഫലം പുറപ്പെടുവിക്കാനായില്ലെങ്കിലും, ഈ ലോകമാകുന്ന മരുഭൂമിയിലൂടെ യാത്ര ചെയ്യുന്ന അനേകർക്ക് ഒരു തണലായി തീരുവാൻ നമുക്കു കഴിയും. ആ തണലിൽ അഭയം തേടി വരുന്നവരും ഒരുപക്ഷേ ഇതുപോലെ തന്നെ നന്ദിയില്ലാതെ നമ്മോടു പെരുമാറും. ദാഹിച്ചു വലഞ്ഞു വരുന്ന ഒരു വ്യക്തിയുടെ ദാഹം മാറുന്നതു വരെ വെള്ളം ഒഴിച്ചുകൊടുക്കുന്നവനെ നോക്കി ഒന്നു ചിരിക്കുക പോലും ചെയ്യാതെ കടന്നു പോകുന്നവരുണ്ട്. ബന്ധങ്ങൾ വേർപെടുത്തുവാൻ ആയിരക്കണക്കിനു കാരണങ്ങൾ ഉണ്ടായേക്കാം. പക്ഷെ ആ ബന്ധം മുറുകെ പിടിക്കാൻ ഒരു കാരണമെങ്കിലും ഉണ്ടെങ്കിൽ അതു മുറുകെ പിടിക്കുക. കാരണം, വെറും പാഴ്മരമായിരുന്ന നമ്മെ ദൈവം സ്നേഹിച്ചതും കാരണം കൂടാതെയാണ്.

ആത്മാർത്ഥതയുടെ പ്രതിഫലം ഒരു ചിരിയോ ഭംഗി വാക്കോ അല്ല, സംതൃപ്തിയാണ് ആത്മാർത്ഥതയുടെ പ്രതിഫലം. ഞാനതു നന്നായി ചെയ്തു. ഒരാളുടെ ദാഹം മാറ്റാൻ എനിക്കു കഴിഞ്ഞു എന്നുള്ള സംതൃപ്തി. ○

## ഏകദിന പ്രവർത്തനം

**കല്ലിശ്ശേരി:** വൈ.എം.ഇ.എഫ്. കല്ലിശ്ശേരി സെന്ററിന്റെ ചുമതലയിലും കല്ലിശ്ശേരി ബ്രദറൺ സഭയുടെ സഹകരണത്തിലും ഒരു ഏകദിന പ്രവർത്തനം മെയ് 25-ന് നടത്തുകയുണ്ടായി. രാവിലെ നിരവധി ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിച്ചു. ഉച്ചയ്ക്കു ശേഷം പ്രാർത്ഥനയും വചനധ്യാനവും ഉണ്ടായിരുന്നു. ബ്രദർ പി.റ്റി. ഏബ്രഹാം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. വൈകിട്ടു നടന്ന പരസ്യയോഗത്തിൽ ജയിംസ് വർഗ്ഗീസ് പ്രസംഗിച്ചു. സെന്ററിന്റെ പ്രവർത്തനങ്ങളെ ഓർത്ത് തുടർന്നും പ്രാർത്ഥിക്കുക.

വർഗീസ് പി. ജോർജ്ജ്, സെക്രട്ടറി

## പുസ്തക പരിചയം

കർത്തൃദാസൻ എം.വി. തോമസ് 1993-ൽ രചിച്ച പുസ്തകം- 'യോനാ' യുടെ രണ്ടാം പതിപ്പ് ഇപ്പോൾ ലഭിക്കും. വില 100 രൂപാ (രജിസ്റ്റേർഡ് പാർസൽ വേണ്ടവർ 120) എം.ഒ. ആയി മാത്രം താഴെ കാണുന്ന വിലാസത്തിൽ അയച്ചാലും: Evg. James M. Thomas, Freedom, Mundanilkunnathil 94-A/ Charithra Nagar, Thuravoor P.O., Angamali- 683 572, Mob. 9447558128, 9447311777

## തൃശ്ശൂർ ഗോസ്പൽ ടീം

**തൃശ്ശൂർ:** ദൈവകൃപയാൽ തൃശ്ശൂർ ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി മുന്നോട്ടു പോകുന്നു. പാലക്കാട് ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ കരിമ്പ ബ്രദറൺ സഭയുടെ സഹകരണത്തിൽ ഫെബ്രുവരി മാസം വേല നടക്കുകയുണ്ടായി.

ദൈവഹിതമായാൽ ജൂൺ മാസം 12 മുതൽ 19 വരെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ അവിടെയുള്ള പ്രാദേശിക സഭകളുടെ സഹകരണത്തോടു കൂടെ നടത്തപ്പെടുന്ന പരസ്യയോഗങ്ങൾ, രാത്രിയോഗങ്ങൾ എന്നിവയുടെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിച്ചാലും.

ടിമ്മി ആഡംസ്, എ.ജെ. വാവച്ചൻ

➤ ➤

പരിശുദ്ധാത്മപ്രേരിതനായി പറയുന്നത് "വിഗ്രഹാർപ്പിതം, രക്തം, ശ്വാസം മുട്ടിച്ചത്തത് എന്നിവ വർജ്ജിക്കുന്നത് ആവശ്യം എന്നത്രെ" (അപ്പൊ. പ്രവൃ. 15:13-29). രക്തം ഭക്ഷിച്ചിരുന്ന ജനസമൂഹങ്ങൾ രക്ഷിക്കപ്പെട്ടശേഷം അത് തുടർന്നാൽ മറ്റുള്ളവർക്ക് ഇടർച്ചയായിരിക്കുമല്ലോ. നാം കഴിക്കുന്ന ഭക്ഷണം സഹോദരന്മാർക്ക് ഇടർച്ച വരുത്തുമെങ്കിൽ നാം അത് വെടിയുന്നത് നന്നായിരിക്കും. പൗലോസിന്റെ പ്രസ്താവന ഇത്തരുണത്തിൽ ശ്രദ്ധേയമാണ്. "ആകയാൽ ആഹാരം എന്റെ സഹോദരന് ഇടർച്ചയായിത്തീരും എങ്കിൽ എന്റെ സഹോദരന് ഇടർച്ച വരുത്താതിരിക്കേണ്ടതിന് ഞാൻ ഒരു നാളും മാംസം (Meat) ഭക്ഷിക്കയില്ല" (1 കൊരി. 8:13). നമ്മുടെ ഭക്ഷണപാനീയങ്ങളിലൂടെയും ദൈവനാമം മഹത്വപ്പെടുവാൻ ആവശ്യമുണ്ട്. "ആകയാൽ നിങ്ങൾ ഭക്ഷിച്ചാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ" (1 കൊരി. 10:31). ●

## തിരുവല്ല മെഡിക്കൽ മിഷൻ

### നഴ്സിങ്ങ് കോഴ്സ് പ്രവേശനം- 2015

**1. ജനറൽ നഴ്സിങ്ങ്- (3 വർഷത്തെ പഠനം) :** 17 വയസ്സിനും 35 വയസ്സിനുമിടയിൽ പ്രായമുള്ളവരും കുറഞ്ഞത് 40% മാർക്കോടെ (പ്ലസ് ടൂ) യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. പഠനത്തിൽ സമർത്ഥരും യഥാസമയം ഫീസ് നൽകുവാൻ ബുദ്ധിമുട്ടനുഭവിക്കുന്നവരുമായ വിദ്യാർത്ഥികൾക്ക് "ഇപ്പോൾ പഠനം പിന്നീട് ഫീസ്" എന്ന പ്രത്യേക പഠനപദ്ധതി പ്രകാരം ഫീസ് (യൂണിഫോം, ടെസ്റ്റ് ബുക്കുകൾ, മറ്റ് പഠനോപകരണങ്ങൾ, ഭക്ഷണചെലവ് എന്നിവ ഒഴികെ) പഠനകാലയളവിലോ, പഠനത്തിനു ശേഷമോ ഇവിടെ തന്നെ ജോലി ചെയ്ത് കിട്ടുന്ന ശമ്പളത്തിൽ നിന്നും ഗഡുക്കളായി അടച്ചു തീർക്കാവുന്നതാണ്. പ്രവേശനം യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും.

**2. ബി.എസ്.സി. നഴ്സിങ്ങ് (4 വർഷ പഠനം) :** മാനേജ്മെന്റ് ക്വോട്ടായിൽ അപേക്ഷിക്കാനുദ്ദേശിക്കുന്നവർ കവിയൂർ റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങിൽ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഗവൺമെന്റ് ക്വോട്ടായിൽ അപേക്ഷിക്കാനുദ്ദേശിക്കുന്നവർ റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങ് എന്ന ഓപ്ഷൻ കാണിച്ചു കൊണ്ട് എൽ.ബി.എസ്. സെന്ററുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. പ്രവേശന പരീക്ഷ സംബന്ധിച്ചുള്ള വിജ്ഞാപനം പ്രധാന ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ തിരുവനന്തപുരം എൽ.ബി.എസ്. സെന്ററിൽ നിന്നും (ഫോൺ: 0471 2324396, 2324148 www. lbskerala.com) അറിയാവുന്നതാണ്.

**3. എം.എസ്.സി. നഴ്സിങ്ങ് (2 വർഷ പഠനം) :** ബി.എസ്.സി. നഴ്സിങ്ങ് ബിരുദവും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവരും റ്റി.എം.എം. നഴ്സിങ്ങ് കോളേജിൽ പ്രവേശനം ആഗ്രഹിക്കുന്നവരുമായവർ കേരളസർക്കാർ (DNE) നടത്തുന്ന പ്രവേശന പരീക്ഷ മുഖേന പ്രവേശനം നേടേണ്ടതാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം പ്രധാന ദിനപത്രങ്ങളിൽ മെയ്- ജൂൺ മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്:

**ജനറൽ നഴ്സിങ്ങ്**
റ്റി.എം.എം. സ്കൂൾ ഓഫ് നഴ്സിങ്ങ്
പി.ബി. നമ്പർ 74, തിരുവല്ല
പത്തനംതിട്ട ജില്ല, കേരളം പിൻ 689 101
ഫോൺ: 0469 2626433
Email: principal.son@tmmhospital.org

**ബി.എസ്.സി/എം.എസ്.സി. നഴ്സിങ്ങ്**
റ്റി.എം.എം. കോളേജ് ഓഫ് നഴ്സിങ്ങ്
ആഞ്ഞിലിത്താനം പി.ഒ., കവിയൂർ
പത്തനംതിട്ട ജില്ല, കേരളം
ഫോൺ: 0469 2618653, 2618646
മൊബൈൽ: 919447191893
Email: administrator@tmmnursingcollege.in

Website:www.tmmnursingcollege.in

## പ്രാർത്ഥനയ്ക്ക്

**തിരുവല്ല:** കവിയൂർ കോട്ടൂർ ബ്രദറൺ സഭാ സുവിശേഷകൻ പി.എം. ജോൺ പെട്ടെന്നുണ്ടായ ഹൃദ്രോഗത്തെത്തുടർന്ന് തിരുവല്ല മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കുകയും അതോടൊപ്പം കിഡ്നിക്ക് തകരാർ സംഭവിക്കുകയും ചെയ്തു. ഇപ്പോൾ ആഴ്ചയിൽ രണ്ടു ദിവസം ഡയാലിസിസിന് വിധേയനായിക്കൊണ്ടിരിക്കുകയാണ്. മെഡിക്കൽ മിഷൻ ആശുപത്രിയിൽ ചികിത്സയിൽ തുടരുന്നു. കർത്തൃദാസന്റെ ആരോഗ്യത്തിനും ഭാവി ശുശ്രൂഷയുടെ അനുഗ്രഹത്തിനുമായി ദൈവജനം പ്രാർത്ഥിക്കുക. കൂടുതൽ വിവരങ്ങൾക്ക്: പി.എം.ജോൺ ഫോൺ 0469- 2690793, 9747450113

കെ.എം. ജോൺ, സജി കെ.എം.

നുറുങ്ങു കവിത

### കറിവേപ്പിലയുടെ നൊമ്പരം

പി.വി. സന്തോഷ് വയനാട്

എന്നിലെ സത്തു ഊറ്റി എടുത്തു നീ
ദൂരെക്ക് എന്നെ വലിച്ചെറിഞ്ഞു
ഇന്നലെ ഞാൻ എല്ലാമായി
ഇന്നു ഞാൻ അന്യനായി.

ശേഷിച്ച ക്ഷണങ്ങൾ കരുതിയ നാഥൻ
നിന്നെയും അറിയുന്നു മുറ്റുമായി
പാഴ്മുളം തണ്ടിൽ നിന്നൊഴുകുന്ന സംഗീതം
അതിനേറ്റ മുറിവുകളാണെന്നറിക നീ.

ചിന്ത
റ്റി. വി. എസ്.

## ചിറകുള്ള വിശ്വാസി

**പ്ര**തിസന്ധികളും പ്രലോഭനങ്ങളും കഷ്ടതയുടെ നീർച്ചുഴികളും കടന്നു പോകാത്ത മനുഷ്യൻ ഉണ്ടാകുമോ? ഇതിന്റെയെല്ലാം ആരംഭം കുറിച്ചത് ഏദെൻ എന്ന പൂങ്കാവനത്തിൽ വച്ചാണ്. ഇതിന്റെ ആലോചനക്കാരൻ സാത്താൻ തന്നെയായിരുന്നു. എന്നാൽ ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുന്ന ഏതൊരു വ്യക്തിക്കും അതിനെ തരണം ചെയ്യുവാൻ നിഷ്പ്രയാസം സാധിക്കും എന്ന് കഴിഞ്ഞകാല ഭക്തന്മാരുടെ ജീവിതാനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. ആ സാക്ഷികളുടെ സമൂഹം നമുക്ക് മുന്നിൽ ഉണ്ട്. മാത്രമല്ല കർത്താവ് ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. പ്രതിസന്ധികളും കഷ്ടതകളും ദൈവപൈതലിന്റെ ജീവിതത്തിൽ അവനെ വിശ്വാസത്തിൽ ഊട്ടിയുറപ്പിക്കും എന്നറിയുമ്പോൾ അവയിൽ സന്തോഷിക്കാനല്ലാതെ നിരാശപ്പെടുവാൻ അവകാശമില്ല. പ്രതിസന്ധികളുടെ മീതെ പറക്കുവാനാണ് പ്രത്യാശയുടെ ചിറകുകൾ ദൈവം നല്കിയിരിക്കുന്നത്.

> **പ്രതിസന്ധികളുടെ മീതെ പറക്കുവാൻ പ്രത്യാശയുടെ ചിറകുള്ളവനാണ് വിശ്വാസി.**

ഒരിക്കൽ ഒരു വ്യക്തി റേഷൻ വാങ്ങി പോകുന്ന സമയത്ത് അവന്റെ സഞ്ചിയുടെ മൂലയിലുള്ള ഒരു ചെറിയ ദ്വാരത്തിലൂടെ വഴിയരികെ കുറച്ച് അരിയും ഗോതമ്പും ചോർന്നു പോകാൻ ഇടയായി. റോഡിൽ കൂടെ വാഹനങ്ങൾ ഇടതടവില്ലാതെ ഓടിക്കൊണ്ടിരിക്കുന്നു. ആളുകളും സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ഒരുതരം കൊച്ചു കുരുവികൾ ധാന്യമണികളെ കണ്ടപ്പോൾ അവ ഇവയെല്ലാം കൊത്തിപ്പെറുക്കി വിഴുങ്ങുകയാണ്. അപകടം പതിയിരിക്കുന്ന റോഡിലാണ് ഇത് നടക്കുന്നത് എന്ന് അവ ചിന്തിക്കുന്നില്ല. മിന്നൽ വേഗത്തിൽ മിന്നിപ്പായുന്ന വാഹനങ്ങളുടെ ഇടയിൽപ്പെട്ട് അരഞ്ഞുപോകുമെന്ന് കാണികൾക്ക് തോന്നാമെങ്കിലും, അവരുടെ പ്രവൃത്തി കണ്ടാൽ ആ കൊച്ചുകിളികൾക്ക് ആ വക പേടിയൊന്നും ഇല്ലായെന്ന് അവ വിളിച്ചു പറയുന്നതുപോലെ നമുക്കു തോന്നും. ചീറിപ്പായുന്ന മോട്ടോർ വാഹനത്തിന്റെ ശബ്ദം ഒന്നും അവയെ നിരാശപ്പെടുത്താറില്ല. നടന്നുപോകുന്നവരുടെ വികൃതികൾ അവയെ ആലോരസപ്പെടുത്തിയാലും വീണ്ടും അവരുടെ ആഹാര സമ്പാദനം തുടർന്നുകൊണ്ടിരുന്നു. അതിന് അവയെ ധൈര്യപ്പെടുത്തുന്നത് ദൈവം അവയുടെ ചിറകുകൾക്ക് കൊടുത്തിരിക്കുന്ന അത്ഭുതകരമായ ശക്തിയാണ്. ചീറിപ്പായുന്ന വാഹനങ്ങൾ അടുത്തെത്തി, അതിന്റെ ഇടയിൽപ്പെട്ട് അരഞ്ഞു പോകും എന്ന് നമുക്ക് തോന്നാകുന്ന ആ നിമിഷത്തിൽ ആ വാഹനങ്ങളുടെ മീതെ പറന്നുയരാൻ ദൈവം നല്കിയ ചിറകുകൾ അവ ഉപയോഗിക്കുന്നു. അത്യാഹിതങ്ങൾ നേരിടുമ്പോൾ അതിന്റെ മീതെ പറന്നുയരാൻ അവയുടെ ചിറകുകൾക്ക് സർവ്വശക്തനായ ദൈവം നല്കിയിരിക്കുന്ന ശക്തിയുടെ അളവറ്റ വലിപ്പം അവയ്ക്കറിയാം. അത് ആവശ്യങ്ങളുടെ മുഖത്ത് അവ ഉപയോഗിക്കുന്നു.

അപകടങ്ങളുടെ നടുവിൽ തത്തിക്കളിച്ചുകൊണ്ട് ആഹാരം കൊത്തിത്തിന്നുന്ന കുരുവികൾ ജീവിതത്തിലെ മഹത്തായ ഒരു യാഥാർത്ഥ്യത്തിലേക്ക് നമ്മെ നയിക്കുന്നു. പ്രലോഭനങ്ങളോ, കഷ്ടതയോ, അപകടങ്ങളോ ഇല്ലാത്ത ഒരു ജീവിതത്തെയാണ് മനുഷ്യൻ സ്വപ്നം കാണുന്നത്. ആഗ്രഹം നല്ലതുതന്നെ. പക്ഷെ അവിടേയ്ക്കുള്ള യാത്രാ മധ്യെ നാം അഭിമുഖീകരിക്കേണ്ടുന്ന ചില യാഥാർത്ഥ്യങ്ങൾ ഉണ്ട്. ആ പ്രതിസന്ധികൾ എന്തും ആകട്ടെ അതിനെ തരണം ചെയ്യുവാനുള്ള ആത്മിക ശക്തി ദൈവത്തിന്റെ ദാനമായ പരിശുദ്ധാത്മാവിനാൽ ഓരോ ഭക്തനിലും ദൈവം പകർന്നിട്ടുണ്ട്. ആയതിനാൽ സാഹചര്യങ്ങളെ അതിജീവിച്ച് അതിന്റെ മീതെകൂടെ പറന്ന് വിജയം പ്രഖ്യാപിച്ചുകൊണ്ട് ദൈവത്തിൽ ആശ്രയിക്കാം.

ഈ മൺകൂടാരത്തിൽ ദൈവം പകർന്നിരിക്കുന്ന അത്യന്തശക്തിയുടെ അളവറ്റ വലിപ്പം ഇന്നും നാം വേണ്ടതുപോലെ മനസ്സിലാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്. അതുകൊണ്ടാണ് ക്രിസ്തീയ ജീവിതത്തിൽ പലരും നിരാശരായിത്തീരുന്നത്. വിശ്വാസത്തിന്റെ പ്രവൃത്തിയിലൂടെ അത് പ്രായോഗികമാക്കുമ്പോഴാണ് അതിന്റെ വലിപ്പം നാം അറിയുന്നത്. നാൾതോറും നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ഉണ്ടാകുന്ന ഏതു സാഹചര്യങ്ങളെയും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പ്രത്യാശയാൽ നമ്മുടെ ശക്തിയെ പുതുക്കി പ്രതിസന്ധികളുടെ മീതെ പറന്നുയരാനും, സമാധാനത്തിന്റെ വിഹായസ്സിൽ സ്വച്ഛന്ദം വിഹരിക്കുവാനും, സർവ്വശക്തനായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●


**SUVISESHA DHWANI**
Fortnightly
Vol. 37 Issue 46

Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :

Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

**06.06.2015**

REGISTERED
Reg. No. RN 29475/78
Postal Reg. No. KL / MVK / 188 / 2014-16
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.